**Sahyanadham**
Annual Subscription Rs. 200.00
Published on 1st Sept. 2017

Register No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.

# സഹ്യനാദം

വാല്യം 14
സെപ്തംബർ 2017
ലക്കം 09



Newly Consecrated Church Manjappetty



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

Printed at St. Martha's Offset Printers, Murickassery 685 604 Editor,
Printer & Publisher. Rev. Fr. James P. Bishop's House, Idukki - 685 602



സെപ്തംബർ 21 ന്
നാമഹേതുകത്തിരുനാളും
23 ന് ജന്മദിനവും ആഘോഷിക്കുന്ന
അഭിവന്ദ്യ പിതാവിന്
രൂപതാക്കുടുംബത്തിന്റെ
ആശംസകൾ
പരി. കന്യകാമറിയത്തിന്റെ
ജനനത്തിരുനാളാശംസകൾ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 14
Issue No. : 9
Month : September 2017





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| രൂപതക്കച്ചേരി | 05 |
| ക്രിസ്തുജ്യോതി | 07 |
| വിദ്യാഭ്യാസം | 16 |
| സാമൂഹ്യസേവനം | 16 |
| തിരുബാലസഖ്യം | 19 |
| ചെറുപുഷ്പ മിഷൻലീഗ് | 20 |
| കെ.സി.എസ്.എൽ. | 25 |
| ജീസസ് യൂത്ത് | 28 |
| കെ.സി.വൈ.എം. | 29 |
| കുടുംബപ്രേഷിതത്വം | 30 |
| നവോമി കുടുംബകേന്ദ്രം | 31 |
| മാതൃവേദി | 31 |
| പ്രാർത്ഥനാഗ്രൂപ്പ് | 33 |
| കത്തോലിക്കാ കോൺഗ്രസ് | 35 |
| കേരള ലേബർ മൂവ്മെന്റ് | 39 |
| ആത്മജ്യോതിയിലെ പരിപാടികൾ | 40 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 41 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 41 |


*"In witnessing to the faith what counts is not success, but fidelity to Christ."*

*Pope Francis, Tweet, 9 Aug. 2017*

## ഓർമ്മിക്കാൻ

### സെപ്റ്റംബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | എട്ടുനോമ്പാരംഭം, |
| | | വി. ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും |
| 05 | : | കൊൽക്കൊത്തയാലെ വി. തെരേസ |
| 07 | : | പ്രസ്ബിറ്ററൽ കൗൺസിൽ, കരിമ്പൻ |
| 08 | : | പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ |
| 09 | : | സി.എം.എൽ. മേഖലാ കലോത്സവം |
| 10 | : | ഏലിയാ ഒന്നാം ഞായർ |
| 10-15 | : | വൈദികരുടെ വാർഷിക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 13 | : | വി. ജോൺ ക്രിസോസ്തോം |
| 14 | : | വി. കുരിശിന്റെ പുകഴ്ച |
| 15-17 | : | പ്രയർഗ്രൂപ്പ് ഫാത്തിമാ സന്ദേശയാത്ര |
| 17 | : | സ്ലീവാ ഒന്നാം ഞായർ |
| 17-22 | : | വൈദികരുടെ വാർഷിക ധ്യാനം, ആത്മജ്യോതി, അടിമാലി |
| 20 | : | സി.എം.എൽ. പ്രതിഭാ സംഗമം, പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി |
| 21 | ; | വി. മത്തായി ശ്ലീഹാ |
| | : | SMCC ഫൊറോനാതല തിരഞ്ഞെടുപ്പ്, ക്രിസ്തുജ്യോതി |
| | : | സി.എം.എൽ. സംസ്ഥാന സാഹിത്യമത്സരം, പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി |
| 24 | : | ലോഗോസ് ക്വിസ് രൂപതാതല പരീക്ഷ, ക്രിസ്തുജ്യോതി |
| 25 | : | നസ്രത്ത് ദിനം, ക്രിസ്തുജ്യോതി |
| 27 | : | വി. വിൻസെന്റ് ഡി പോൾ |
| 28-30 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| | : | കെ.സി.എസ്.എൽ. ജീവിത വിശുദ്ധീകരണ ധ്യാനം, തോപ്രാംകുടി അമല ധ്യാനകേന്ദ്രം |
| 29 | : | മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റഫായേൽ |
| | : | SMCC രൂപതാതല തിരഞ്ഞെടുപ്പ്, ക്രിസ്തുജ്യോതി |
| 30 | : | വി. ജെറോം, വി. കൊച്ചുത്രേസ്യ (1 ഞായർ) |
| | : | തിരുബാലസഖ്യം ഫൊറോന മത്സരങ്ങൾ |

# രൂപതക്കച്ചേരി

### C. 48/17 നാമഹേതുകത്തിരുനാൾ മംഗളങ്ങൾ

സെപ്റ്റംബർ 21-ാം തീയതി നാമഹേതുകത്തിരുനാളും 23-ാം തീയതി ജന്മദിനവും ആഘോഷിക്കുന്ന അഭി. പിതാവിന് രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ. വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ രൂപതയെ ശക്തമായ നേതൃത്വപാടവത്തോടെ നയിക്കുന്നതിനുള്ള ദൈവകൃപ അഭി. പിതാവിന് ധാരാളമായി കൈവരട്ടെ. പിതാവിനെ നന്ദിപൂർവ്വം അനുസ്മരിക്കുന്നതോടൊപ്പം തിരുനാൾ ദിവസം പ്രത്യേകമായി പ്രാർത്ഥിക്കുവാൻ ബഹു. വികാരിയച്ചന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിക്കുമല്ലോ.

*Proto-syncellus*

### C. 49/17 യുവവൈദികരുടെ വാർഷിക സെമിനാർ

നമ്മുടെ രൂപതയിൽ ജോലിചെയ്യുന്ന യുവവൈദികർക്കായി 2017 നവംബർ 28, 10.30 am മുതൽ നവംബർ 30, 4.00 pm വരെ അടിമാലി ആത്മജ്യോതിയിൽ വച്ച് സെമിനാർ നടത്തുന്നു.

2010 ജനുവരി 31 ന് ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

*Bishop*

### C. 50/17 ഒക്ടോബർ മാസവും ജപമാല ഭക്തിയും

നമ്മുടെ ഇടവകകളിലും പ്രത്യേകമായി ഓരോ ഭവനത്തിലും ഒക്ടോബർ മാസം ജപമാലയുടെ മാസമായി ഉചിതമായി ആചരിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. കൂടുതൽ ത്യാഗപൂർവ്വം വി. കുർബാനയിലും, ജപമാലയിലും, ദിവ്യകാരുണ്യ ആരാധനയിലും പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*



### C. 51/17 വൈദികരുടെ വാർഷിക ധ്യാനം

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷിക ധ്യാനം ഒന്നാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 10-15 തീയതികളിലും രണ്ടാമത്തെ ബാച്ചിന്റേത് സെപ്റ്റംബർ 17-22 തീയതികളിലും അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. ധ്യാനത്തിന്റെ വിശദവിവരങ്ങൾ 2017 ജൂലൈ മാസത്തിലെ സഹ്യനാദത്തിൽ കാണുക.

*Bishop*

### C. 52/17 Presbyteral Council

The postponed meeting of the Presbyteral Council of the Eparchy of Idukki will be held on 7th September (Thursday) 2017 at the Bishop's House, Karimpan.

Time: 10.30 am - 2.00 pm.

*Secretary*

### C. 53/17 തിരുനാൾ മംഗളങ്ങൾ

| | |
|---|---|
| റവ. ഫാ. മാത്യു തൊട്ടിയിൽ | സെപ്റ്റംബർ 21 |
| റവ. ഫാ. മാത്യു അരീപ്ലാക്കൽ | ,, |
| റവ. ഫാ. മാത്യു ചെറുപറമ്പിൽ | ,, |
| റവ. ഫാ. മാത്യു കരോട്ടുകൊച്ചറയ്ക്കൽ | ,, |
| റവ. ഫാ. മാത്യു തടത്തിൽ | ,, |
| റവ. ഫാ. മാത്യു തറമുട്ടം | ,, |
| റവ. ഫാ. മാത്യു വളവനാൽ | ,, |
| റവ. ഫാ. മാത്യു വിളക്കുമരുതുങ്കൽ | ,, |
| റവ. ഫാ. മാത്യു ഇരുമ്പുകുത്തിയിൽ | ,, |
| റവ. ഫാ. മാത്യു പുതുപറമ്പിൽ | ,, |
| റവ. ഫാ. മാത്യു അഴകനാക്കുന്നേൽ | ,, |
| റവ. ഫാ. മാത്യു അരയത്തിനാൽ | ,, |
| റവ. ഫാ. മാത്യു കുഴികണ്ടത്തിൽ | ,, |
| റവ. ഫാ. മാത്യു പൊന്നമ്പേൽ | ,, |

| | |
|---|---|
| റവ. ഫാ. മാത്യു വെങ്ങാലൂർ | ,, |
| റവ. ഫാ. മാത്യു മടുക്കക്കുഴി | ,, |
| റവ. ഫാ. മാത്യു ഞവരക്കാട്ട് | ,, |
| റവ. ഫാ. മാത്യു മേയ്ക്കൽ | ,, |
| റവ. ഫാ. മാത്യു തകരപ്പിള്ളിൽ | ,, |
| റവ. ഫാ. വിൻസെന്റ് വാളിപ്ലാക്കൽ | സെപ്റ്റംബർ 26 |
| റവ. ഫാ. മൈക്കിൾ മാളിയേക്കൽ | സെപ്റ്റംബർ 29 |

*Bishop*

# ക്രിസ്തുജ്യോതി

**CJ. 56/17 ലോഗോസ് ക്വിസ് 2017**

ലോഗോസ് ക്വിസ് രൂപതാതല പരീക്ഷ സെപ്റ്റംബർ 24-ാം തീയതി ഞായറാഴ്ച 2 മണി മുതൽ 3.30 വരെയാണ് നടത്തുന്നത്. സെപ്റ്റംബർ 25-ാം തീയതി തിങ്കളാഴ്ച്ച 6 pm ന് മുമ്പായി ഉത്തരകട ലാസുകളും രജി. ഷീറ്റും അതാതു വിതരണ കേന്ദ്രങ്ങളിലോ ക്രിസ്തു ജ്യോതി ഓഫീസിലോ എത്തിക്കേണ്ടതാണ്. ഉത്തരകടലാസുകൾ രജി. ഷീറ്റിലേതുപോലെ ഗ്രൂപ്പ് തിരിച്ച് അക്ഷരമാല ക്രമത്തിൽ അടു ക്കി നൽകേണ്ടതാണ്. പരീക്ഷ എഴുതുന്നവർക്കായുള്ള ഹാൾടിക്കറ്റ് നെറ്റിൽ നിന്ന് മുൻകൂട്ടി എടുത്ത് രജിസ്ട്രേഷൻ നമ്പരുകൾ പരീക്ഷ എഴുതുന്നവർക്ക് നൽകേണ്ടതാണ്.

**CJ. 57/17 SMCC XII -ാം ക്ലാസ് പ്രതിഭ**

SMCC യുടെ XII-ാം ക്ലാസ് പ്രതിഭകളെ തിരഞ്ഞെടുക്ക ലിന്റെ ആദ്യപടിയായ ഇടവകാതല തിരഞ്ഞെടുപ്പ് സെപ്റ്റംബർ 10 ന് മുമ്പായി നടത്തുകയും, തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും സമർത്ഥരായ 2 ആൺകുട്ടികളുടേയും 2 പെൺകുട്ടികളുടെയും പേര് അതാതു ഫൊറോനകളിൽ അറിയിക്കുകയും ചെയ്യുമല്ലൊ.



**CJ. 58/17 SMCC ഫൊറോനാതല തിരഞ്ഞെടുപ്പ്**

SMCC പ്രതിഭാ തിരഞ്ഞെടുപ്പിന്റെ അടുത്ത പടിയായി ഫൊറോനാതല തിരഞ്ഞെടുപ്പ് സെപ്റ്റംബർ 21 ന് അതാതു ഫൊറോനകളിൽ നടത്തുന്നു. ഇടവകതലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 2 ആൺകുട്ടികളും 2 പെൺകുട്ടികളും ആണ് ഇടവകയെ പ്രതിനിധീകരിച്ച് ഫൊറോനാതലത്തിൽ പങ്കെടുക്കേ ണ്ടത്. സെപ്റ്റംബർ 21 വ്യാഴാഴ്ച രാവിലെ 10 ന് ഈ പ്രോഗ്രാം ആരംഭിച്ച് 3.30 pm ന് അവസാനിക്കും. രജി. ഫീസ് ഒരു ഇടവകയ്ക്ക് Rs. 200 ആണ് (ഒരാൾക്ക് Rs. 50 വീതം) ഉച്ചഭക്ഷണം കുട്ടികൾക്ക് നൽകുന്നതായിരിക്കും. എല്ലാ ഇടവകകളുടെയും പ്രാതിനിത്യം ഉണ്ടാകണം. വെള്ളത്തൂവൽ ഫൊറോനയിൽ SMCC ക്യാമ്പ് ഇല്ല. വെള്ളത്തൂവൽ ഫൊറോനയിലെ കല്ലാർകുട്ടി, കുത്തുപാറ, ചെല്യാം പാറ എന്നീ ഇടവകയിലെ കുട്ടികൾ കൂമ്പൻപാറ ഫൊറോനയിലും ബാക്കി ഇടവകയിലെ കുട്ടികൾ രാജാക്കാട് ഫൊറോനയിലുമാണ് പങ്കെടുക്കേണ്ടത്. ഓരോ ഫൊറോനയിലെയും വികാരിയച്ചനും സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററും ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുമല്ലൊ.

**CJ. 59/17 ഒന്നാം ടേം പരീക്ഷ**

ഒന്നാം ടേം പരീക്ഷ ഒക്ടോബർ 8-ാം തീയതി തന്നെ എല്ലാ ഇടവകകളിലും നടത്തണം. ചോദ്യപേപ്പറുകൾ ഒക്ടോബർ 7 ന് അതാതു വിതരണ കേന്ദ്രങ്ങളിൽനിന്നും കൈപ്പറ്റാവുന്നതാണ്. വിതരണ കേന്ദ്രങ്ങൾ ചുരുളി, അടിമാലി ആത്മജ്യോതി, രാജക്കാട്, കുഞ്ചിത്തണ്ണി, ചെമ്മണ്ണാർ, നെടുംകണ്ടം, ഇരട്ടയാർ, വെള്ളയാംകുടി, ഇടുക്കി, ബിഷപ്സ് ഹൗസ്, മുരിക്കാശ്ശേരി (രാജപുരം, മങ്കുവ, രാജമുടി, പെരിഞ്ചാംകുട്ടി, ജോസ്പുരം, വാത്തിക്കുടി, തോപ്രാംകുടി, ഉദയഗിരി, കനകക്കുന്ന് എന്നീ ഇടവകളുടെ ചോദ്യപേപ്പറുകളാണ് മുരിക്കാശ്ശേരിയിൽ ഉണ്ടാവുക) ഉത്തരപേപ്പറുകൾ ഇടവകകളിൽ തന്നെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്. പരീക്ഷ എഴുതുന്ന കുട്ടികൾ ഉത്തരകടലാസുകൾ കൊണ്ടുവരേണ്ടതാണ്. 1 മുതൽ 9-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകത്തിലെ 1 മുതൽ 7

വരെയുള്ള അദ്ധ്യായങ്ങളിൽനിന്നും X, XI, XII ക്ലാസുകളിലെ കുട്ടികൾക്ക് 1 മുതൽ 8 വരെ അദ്ധ്യായങ്ങളിൽനിന്നും ആണ് ചോദ്യങ്ങൾ ഉണ്ടാവുക.

### CJ. 60/17 സൺഡേ സ്കൂൾ ടൈംസ്

മതാദ്ധ്യാപകരുടെ "സൺഡേ സ്കൂൾ ടൈംസ്" പത്രം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി ഡിസംബർ 17 നാണ്. പത്രം തയ്യാറാക്കാൻ ആവശ്യമായ കാര്യങ്ങൾ മുൻകൂട്ടി നടത്തുമല്ലൊ.

### CJ.61/17 മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും സെപ്റ്റംബർ 17 നാണ് നടത്തേണ്ടത്. ആരാധനക്രമ വിശ്വാസപരിശീലനം എന്ന ഗ്രന്ഥത്തിലെ 10-ാം ആദ്ധ്യായമാണ് പഠനവിഷയം.

### CJ. 62/17 SMCC രൂപതതല തിരഞ്ഞെടുപ്പും ടീൻസ് മീറ്റും

XII-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ തൂക്കുപാലത്ത് നടത്തുന്ന ടീൻസ് മീറ്റും തടിയമ്പാട് നടത്താനിരുന്ന SMCC സെലക്ഷൻ ക്യാമ്പും സംയുക്തമായി നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. SMCC ഫൊറോനാതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ സെപ്റ്റംബർ 29 ന് രാവിലെ 10 മണിക്ക് തൂക്കുപാലം വിജയമാതാ പബ്ലിക് സ്കൂളിൽ എത്തേണ്ടതാണ്. 10 മുതൽ 4 pm വരെ സെലക്ഷൻ ടെസ്റ്റുകൾ നടത്തുന്നു. തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് നല്കുന്ന SMCC പ്രവേശനഫോറം കൃത്യമായി പൂരിപ്പിച്ച് കുട്ടിൾ കൊണ്ടുവരേണ്ടതാണ്. (9.30 am-ന് നെടുംകണ്ടം പള്ളിയങ്കണത്തിൽ നിന്നും തൂക്കുപാലത്തിന് വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്). ടീൻസ് മീറ്റ് വൈകുന്നേരം 5 pm - നാണ് ആരംഭിക്കുന്നത്. SMCC സെലക്ഷൻ കിട്ടുന്ന കുട്ടികൾ രജിസ്ട്രേഷൻ ഫീസ് Rs. 500 നൽകിയാൽ മതിയാകും. ബാക്കി തുക ക്രിസ്തുജ്യോതി വഹിക്കുന്നതാണ്. പ്രമുഖർ നയിക്കുന്ന ടീൻസ് മീറ്റിലേക്ക് കുട്ടികളെ പറഞ്ഞുവിടാൻ ബന്ധപ്പെട്ടവർ ഉത്സാഹിക്കുമല്ലോ.



### CJ. 63/17 നസ്രത്ത് ദിനം

കഴിഞ്ഞ ഏതാനും വർഷങ്ങളായി സൺഡേ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടി രക്ഷാകർതൃ സമ്മേളനങ്ങൾ ക്രമീകരിച്ചു പോരുകയും ഓരോ വിഷയങ്ങളിൽ അവർക്കായി ബോധവൽക്കരണം കൊടുക്കുകയും ചെയ്യുന്ന പതിവാണുണ്ടായിരുന്നത്. കൗമാര വിജ്ഞാനീയവും, സീറോ മലബാർ സഭയുടെ വിശ്വാസപരിശീലന ഗ്രന്ഥവും, മാതാപിതാക്കളും വിശ്വാസപരിശീലന ഗ്രന്ഥവും, വി. കുര്യാക്കോസ് ചാവറയച്ചന്റെ ചാവരുളും, വിജയജ്യോതി ചാർട്ടുമൊക്കെ ഈ ബോധവൽക്കരണ പദ്ധതിയിൽ നാം ഫലപ്രദമായി ഉപയോഗിച്ചു. ഈ വർഷം വിജയജ്യോതി തുടരുന്നതോടൊപ്പം 'നസ്രത്ത് ദിനം' എന്ന പേരിൽ കുടുംബങ്ങൾക്കായി ഒരു ദിനം ക്രമീകരിക്കാനാണ് ആഗ്രഹിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

* എല്ലാ ഇടവകകളിലും 2017 സെപ്റ്റംബർ 25 തിങ്കളാഴ്ചയാണ് ഈ പ്രോഗ്രാം നടക്കുക. സമയം വൈകിട്ട് 7 മുതൽ 8.30 വരെയാണ്.

* വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടിയുടെ വീട്ടിലെ എല്ലാ അംഗങ്ങളും ആ സമയത്ത് താന്താങ്ങളുടെ സ്വന്തം വീട്ടിൽ ഒരുമിച്ചു ചേരുകയും 'നസ്രത്ത് ദിന'ത്തിന്റെ മാർഗ്ഗരേഖയിൽ പറയുന്ന കാര്യങ്ങൾ ചെയ്യുകയും വേണം. വീടിനു പുറത്തുനിന്നും ആരുമതിൽ പങ്കെടുക്കുന്നില്ല. നടക്കാൻ പോകുന്നത് ഓരോ വീടിന്റെയും സ്വകാര്യ സമ്മേളനമായിരിക്കും.

* ഇടവകയിൽനിന്നും വികാരിയച്ചൻ വെഞ്ചരിച്ചു നൽകുന്ന തിരി തെളിയിച്ചു കൊണ്ടാകണം 7 മണിക്ക് കുടുംബാംഗങ്ങൾ 'നസ്രത്ത് ദിന'ത്തിലേക്ക് പ്രവേശിക്കേണ്ടത്. തുടർന്ന് പരിശുദ്ധാത്മാവിനോടുള്ള ഗാനാലാപനം, കുടുംബ പ്രതിഷ്ഠാജപം, സുവിശേഷവായന, ജപമാല എന്നിവ നടത്തണം.

* തുടർന്ന് കുടുംബത്തിലെ അംഗങ്ങൾക്കായി തയ്യാറാക്കിയിട്ടുള്ള

മാർഗ്ഗരേഖയിൽ പറയുന്നതുപ്രകാരം അപ്പനും അമ്മയും മൂന്നു കാര്യങ്ങൾ ചെയ്യുന്നു.

1. വിവാഹ ജീവിതത്തിൽ പ്രവേശിക്കുന്നതിനു മുൻപ് ബാല്യത്തിലോ കൗമാരത്തിലോ യൗവ്വനത്തിലോ ഒരു നിയോഗം വച്ച് പ്രാർത്ഥിച്ചപ്പോൾ/ മനസുരുകി പ്രാർത്ഥിച്ചപ്പോൾ ദൈവം തങ്ങളെ അനുഗ്രഹിച്ച ഒന്നോ രണ്ടോ അനുഭവങ്ങൾ അപ്പനും അമ്മയും മാറിമാറി മക്കളോട് പങ്കുവയ്ക്കുന്നു. (തങ്ങൾക്ക് കിട്ടിയ ദൈവാനുഭവം മക്കളെ അറിയിക്കുക എന്നതാണ് ലക്ഷ്യം).
2. വിവാഹ ജീവിതത്തിൽ തങ്ങൾ ഒരുമിച്ചു പ്രാർത്ഥിച്ചപ്പോൾ ലഭിച്ച അനുഗ്രഹങ്ങളെക്കുറിച്ച് മക്കളോട് പറയുന്നു. (കുടുംബത്തിന്റെ കൂട്ടായ പ്രാർത്ഥനയുടെ ശക്തി മക്കളെ ധരിപ്പിക്കുക എന്നതാണു ലക്ഷ്യം).
3. മനഃപ്രയാസമുണ്ടാക്കിയ ചില ജിവിതാനുഭവങ്ങളിൽ പ്രാർത്ഥിച്ചിട്ടും ഉത്തരം ലഭിക്കാതെ വന്നപ്പോഴും അതിനെ എങ്ങനെയാണു തരണം ചെയ്തതെന്ന് അപ്പനും അമ്മയും മാറിമാറി മക്കളുമായി പങ്കുവയ്ക്കുക. (വിശ്വാസ ജീവിതത്തിൽ പ്രത്യാശയുടെയും കാത്തിരിപ്പിന്റെയും അർത്ഥമെന്തെന്ന് മക്കൾക്ക് മനസിലാക്കി കൊടുക്കുന്നതിനുള്ള ഒരു അവസരമായി മാതാപിതാക്കൾ ഇതിനെ കാണണം).

* തങ്ങളുടെ കുടുംബത്തിന്റെ ലക്ഷ്യമെന്തെന്ന് കണ്ടെത്തി ഇപ്പോഴത്തെ പ്രാർത്ഥനാവശ്യങ്ങൾ എന്തെന്ന് എല്ലാവരുംകൂടി തുടർന്ന് ചർച്ച ചെയ്യുന്നു. അതിനെ സഹായിക്കുന്നതിനുവേണ്ടി ലക്ഷ്യങ്ങളെ ഭൗതികാവശ്യങ്ങൾ, ആത്മീയാവശ്യങ്ങൾ, നിത്യജീവനുവേണ്ടിയുള്ളവ എന്നിങ്ങനെ തരം തിരിച്ച് നൽകിയിട്ടുണ്ട്.
* ബന്ധുക്കളോട്, അയൽക്കാരോട്, കുടുംബാംഗങ്ങൾ തമ്മിൽ തമ്മിൽ ഉള്ള ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും അത് ഊഷ്മളമാക്കുന്നതിനും വേണ്ടിയുള്ള ചർച്ചയാണ് തുടർന്ന് നടക്കുക. അതിനും അവരെ സഹായിക്കുന്ന സൂചകങ്ങൾ മാർഗ്ഗരേഖയിലുണ്ട്.



* കുടുംബത്തിന്റെ അഭിവൃദ്ധി, കുട്ടികളുടെ വിജയം, തുടങ്ങിയവ ലക്ഷ്യം വയ്ക്കുന്ന മേഖലകളിൽ വിജയിക്കുന്നതിലേക്കായി തങ്ങളുടെ സമയത്തിന്റെയും സമ്പത്തിന്റെയും ജീവിതചര്യകളുടെയും മാധ്യമങ്ങളുടെയും ക്രമീകരണം എപ്രകാരമായിരിക്കണമെന്ന് തുടർന്ന് അവർ ചർച്ച ചെയ്യുന്നു. സഹായകമായ സൂചകങ്ങൾ മാർഗ്ഗരേഖയിലുണ്ട്.
* മേൽപറഞ്ഞ ചർച്ചകളിൽനിന്നും തങ്ങളുടെ കുടുംബത്തിന് അത്യാവശ്യമുള്ള അഞ്ച് പ്രാർത്ഥനാ നിയോഗങ്ങൾ കുടുംബാംഗങ്ങളെല്ലാം ചേർന്ന് തിരഞ്ഞെടുത്ത് മാർഗ്ഗരേഖയിൽ എഴുതി സൂക്ഷിക്കുന്നു. വരുന്ന അഞ്ചു വർഷത്തേക്ക് പങ്കെടുക്കുന്ന ബലികളും അർപ്പിക്കുന്ന ജപമാലകളും നോമ്പുകളും ഉപവാസവും പ്രാർത്ഥനയും തീർത്ഥാടനങ്ങളും ഈ നിയോഗത്തിൽ ചെയ്യാൻ മാതാപിതാക്കളും മക്കളും ചേർന്ന് തീരുമാനിക്കുന്നു. കത്തോലിക്കാ കുടുംബമെന്ന നിലയിൽ തങ്ങളുടെ കുടുംബം എങ്ങനെ മുന്നോട്ട് പോകണമെന്ന് ഒരു നല്ല ഉൾക്കാഴ്ച്ച മക്കൾക്ക് ലഭിക്കാൻ ഇത് സഹായകമാണ്.
* തങ്ങളുടെ വീട്ടിൽ നടന്ന 'നസ്രത്ത് ദിന' ത്തിന്റെ ഒരു ലഘു വിവരണം ഓരോ കുട്ടിയും എഴുതി ഒക്ടോബർ 1 ന് ഞായറാഴ്ച ക്ലാസ് ടീച്ചറെ ഏൽപ്പിക്കേണ്ടതാണ്.
* എട്ടുവയസിൽ താഴെ പ്രായമുള്ള കുട്ടികൾ മാത്രമുള്ള കുടുംബങ്ങളിൽ ഉചിതമായ ഭേദഗതികളോടെ 'നസ്രത്ത് ദിനം' നടത്താൻ നിർദ്ദേശം നല്കണം
* സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികൾ ഇല്ലാത്ത ഭവനങ്ങളിലും 'നസ്രത്ത് ദിനം' ഉചിതമായി നടത്തുന്നത് നല്ലതാണ്. ലീഫ്ലെറ്റ് (മാർഗ്ഗരേഖ) കൂടുതലായി വേണമെങ്കിൽ അതനുസരിച്ചുള്ള എണ്ണം രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്. മാർഗ്ഗരേഖയുടെ കോപ്പി വാട്ട്സപ്പ് Idukki Priests-ൽ ഇട്ടിട്ടുണ്ട്.

* 'നസ്രത്ത് ദിനം' നടത്തുന്ന ദിവസം സായാഹ്നപ്രാർത്ഥനയിൽ ഇടവകയിലെ സന്യാസഭവനങ്ങളിലും മറ്റ് ഭവനങ്ങളിലും എല്ലാ കുടുംബങ്ങൾക്കായും പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥന നടത്താൻ നിർദ്ദേശം നല്കി എല്ലാവരെയും ഇതിന്റെ ഭാഗമാക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇക്കാര്യങ്ങൾ ഞായറാഴ്ച കുർബാനയിൽ മാതാപിതാക്കളെ പറഞ്ഞ് ബോധ്യപ്പെടുത്തുന്നതിനും തിരികൾ വെഞ്ചരിച്ചു നൽകുന്നതിനുമായി ബഹു. വൈദികരും, 'നസ്രത്ത് ദിന'ത്തിന്റെ നല്ല നടത്തിപ്പിനുവേണ്ടി പ്രഥമാധ്യാപകരോടൊപ്പം എല്ലാ മതാധ്യാപകരും പി.റ്റി.എ. അംഗങ്ങളും സഹകരിക്കണം.

## CJ. 64/17 'ഫാത്തിമാ ദൂത് '

ഫാത്തിമാ വിശുദ്ധരെ പരിചയപ്പെടുത്തുന്നതിനും ഫാത്തിമാ വർഷാചരണത്തിന്റെ പശ്ചാത്തലവും പ്രാധാന്യവും പകർന്നു നല്കുന്നതിനുമായി 'ഫാത്തിമാ ദൂത്' എന്ന വീഡിയോ DVD ക്രിസ്തുജ്യോതി പ്രസിദ്ധീകരിച്ചു. എല്ലാ ഇടവകകളിലും പ്രസ്തുത DVD പ്രദർശിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## CJ. 65/17 സ്റ്റഡി ഫോറം മാതൃകാ ചോദ്യങ്ങൾ

### ആരാധനക്രമ വിശ്വാസപരിശീലനം അദ്ധ്യായം 8, 9

1. വിശുദ്ധ ഗ്രന്ഥത്തിലും വി. പാരമ്പര്യത്തിലും അടിയുറച്ച സഭയുടെ ഔദ്യോഗികപ്രാർത്ഥന? ഉ. യാമപ്രാർത്ഥനകൾ
2. ഇസ്രായേലേ കേട്ടാലും എന്നുതുടങ്ങുന്ന വചനം കൊണ്ടാരംഭിക്കുന്ന പ്രാർത്ഥനയുടെ പേരെന്ത്? ഉ. ഷേമാ പ്രാർത്ഥന
3. എന്തായിരുന്നു ഈശോയുടെ പ്രാർത്ഥനയുടെ പ്രധാനഘടകം? ഉ. സങ്കീർത്തനങ്ങൾ
4. സുറിയാനിപാരമ്പര്യത്തിൽ എത്ര യാമങ്ങളിൽ പ്രാർത്ഥിച്ചിരുന്നു? ഉ. ഏഴ്
5. യാമപ്രാർത്ഥനയിൽ ഉപയോഗിക്കുന്ന ഗീതങ്ങളിൽ അധികവും ആരുടെ കീർത്തനങ്ങളാണ്? ഉ. മാർ അപ്രേം



6. ആര് രൂപപ്പെടുത്തിയ യാമപ്രാർത്ഥനാപുസ്തകങ്ങളായിരുന്നു 19-ാം നൂറ്റാണ്ടുവരെ പൗരസ്ത്യസുറിയാനിസഭയിൽ ഉപയോഗിച്ചിരുന്നത്? ഉ. ഈശോയാബ് പാത്രിയർക്കീസ്
7. ലെലിയാ ഏതു പാരമ്പര്യത്തിൽനിന്നും രൂപപ്പെട്ട പ്രാർത്ഥനയാണ്? ഉ. സന്ന്യാസപാരമ്പര്യം
8. റംശാ എന്ന സുറിയാനിവാക്കിന്റെ അർത്ഥം? ഉ. സായാഹ്നം
9. ഇസ്രായേൽക്കാർ പ്രഭാതത്തെ എങ്ങനെയാണ് കണ്ടിരുന്നത്? ഉ. രക്ഷയുടെയും പ്രതീക്ഷയുടെയും സമയം
10. ഇസ്രായേൽ ജനത്തിന്റെ പ്രാർത്ഥനാലയം? ഉ. സിനഗോഗ്
11. ക്രിസ്തീയ ജീവിതത്തിന്റെയും ക്രിസ്തിയാരാധനയുടെയും കേന്ദ്രം? ഉ. വി. കുർബാന
12. ഭക്തനായ യഹൂദൻ ദിവസത്തിൽ എത്ര പ്രാവശ്യം പ്രാർത്ഥിക്കുന്നു? ഉ. ഏഴ്
13. എന്താണ് ലെലിയാ നമ്മെ അനുസ്മരിപ്പിക്കുന്നത്? ഉ. മരണത്തെയും യുഗാന്തത്തെയും
14. മൗത്വ എന്ന സുറിയാനി വാക്കിനർത്ഥം? ഉ. ഇരിക്കുക
15. പുതിയ നിയമഗ്രന്ഥങ്ങൾ എഴുതപ്പെടുന്നതിന് മുമ്പ് എഴുതപ്പെട്ട പന്ത്രണ്ട് അപ്പസ്തോലന്മാരുടെ പ്രബോധനത്തിന്റെ പേര്? ഉ. ഡിഡാക്കേ
16. ആരാണ് മൂറോൻ കൂദാശാകർമ്മത്തിന്റെ കാർമ്മികൻ? ഉ. മെത്രാൻ
17. ആരുടെ അധികാരത്താൽ സ്ഥാപിതമായ വിശുദ്ധ കർമ്മങ്ങളാണ് കൂദാശാനുകരണങ്ങൾ? ഉ. സഭയുടെ
18. പരിശുദ്ധാത്മവിന്റെ കൃപാവരം പൂർണ്ണമായി നമുക്ക് ലഭിക്കുന്നത് എങ്ങനെ? ഉ. കൂദാശാനുഷ്ഠാനങ്ങളിലൂടെ
19. മൂറോൻ കൂദാശയുടെ മറ്റൊരു പേര്? ഉ. സൈത്ത് വെഞ്ചരിപ്പ്
20. മൂറോൻ തൈലത്തിൽ ആരുടെ പ്രത്യേക സാനിധ്യമാണുള്ളത്? ഉ. പരിശുദ്ധാത്മാവിന്റെ

21. ഭക്തിയോടും വിശുദ്ധിയോടും കൂടിയാണ് ദൈവാലയത്തിലേയ്ക്കു പ്രവേശിക്കേണ്ടതെന്ന് നമ്മെ അനുസ്മരിപ്പിക്കുന്ന കൂദാശയേത്?

ഉ. മാമ്മോദീസ

22. ദൈവത്തിനും ദൈവികശുശ്രൂഷയ്ക്കുമായി ജീവിതം പൂർണ്ണമായി സമർപ്പിക്കുവാൻ തയ്യാറാകുന്ന വ്യക്തികളെ ദൈവത്തിനായി വേർതിരിച്ചു വിശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുന്ന കർമ്മം ഏത്?

ഉ. സമർപ്പിതരുടെ പ്രതിഷ്ഠാകർമ്മം

23. സമർപ്പിതരുടെ പ്രതിഷ്ഠാകർമ്മത്തിന്റെ മറ്റൊരു പേരെന്ത്?

ഉ. വ്രതവാഗ്ദാനകർമ്മം

24. ക്രൈസ്തവനെ സംബന്ധിച്ച് എന്താണ് മരണം?

ഉ. നിത്യജിവിതത്തിലേയ്ക്കുള്ള കടന്നുപോകൽ

25. പിശാചുബഹിഷ്കരണത്തിനുള്ള ശക്തിയും ദൗത്യവും സഭ ആരിൽ നിന്നു സ്വീകരിക്കുന്നു? ഉ. ഈശോയിൽനിന്ന്

26. സഭ നൽകുന്ന ആശീർവ്വാദങ്ങളെല്ലാം എന്തൊക്കെ പ്രതിധാനം ചെയ്യുന്നു?

ഉ. ഈശോയുടെ നാമത്തെയും അവിടുത്തെ കുരിശിന്റെ അടയാളത്തെയും

27. എന്താണ് പരിശുദ്ധാത്മാവിന്റെ കൃപാവരം അതിന്റെ പൂർണ്ണതയിൽ സ്വീകരിക്കാനുള്ള ഉപാധികൾ?

ഉ. കൂദാശകളുടെ സ്വീകരണം

28. കൂദാശകൾ കഴിഞ്ഞാൽ ക്രിസ്തുശിഷ്യരുടെ ജീവിതത്തെ ഏറ്റവും അധികം ധന്യമാക്കുവാൻ കഴിവുള്ള കർമ്മങ്ങൾ?

ഉ. കൂദാശാനുകരണങ്ങൾ

29. എവിടെനിന്നാണ് എല്ലാ കൂദാശകളും കൂദാശാനുകരണങ്ങളും ശക്തി സ്വീകരിക്കുന്നത്?

ഉ. പെസഹാരഹസ്യത്തിൽ നിന്ന്



30. എന്തിനാണ് മൃതസംസ്കാര കർമ്മത്തിൽ വിശ്വാസപ്രമാണം ചൊല്ലുന്നത്?

ഉ. സഭയിലും സഭാകുട്ടയ്മയിലും മരണാനന്തര ജീവിതത്തിലുമുള്ള വിശ്വാസം ഏറ്റുപറയാൻ.

## CORPORATE EDUCATIONAL AGENCY

**Edn. 30/17 വേദപാഠം, സന്മാർഗ്ഗശാസ്ത്ര പരീക്ഷ**

വേദപാഠത്തിന്റെയും സന്മാർഗ്ഗശാസ്ത്രത്തിന്റെയും ഒന്നാം ടേം പരീക്ഷ 16-09-2017 ശനിയാഴ്ച നടത്തുന്നതാണ്. സമയക്രമം വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതാണ്.

**Edn. 31/17 കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷൻ സന്മാർഗ്ഗശാസ്ത്ര വാർഷിക പരീക്ഷ**

മുൻ വർഷങ്ങളിലേതുപോലെ, കെ.സി.ബി.സി. വിദ്യാഭ്യാസ കമ്മീഷൻ നടത്തുന്ന സന്മാർഗ്ഗശാസ്ത്ര വാർഷിക പരീക്ഷ, ഈ വർഷവും ചില ഭേദഗതികളോടെ യഥാസമയം നടത്തുന്നതാണ്.

വിശദവിവരങ്ങൾ നമ്മുടെ വിദ്യഭ്യാസ ഏജൻസിയുടെ വെബ്സൈറ്റിൽ (www. ideaschools.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആവശ്യമുള്ള ചോദ്യപേപ്പറുകളുടെ എണ്ണം 20-09-2017 നു മുമ്പായി രൂപതാ വിദ്യഭ്യാസ ഏജൻസിയുടെ ഓഫീസിൽ നിശ്ചിതഫോമിൽ നൽകേണ്ടതാണ്. സമയക്രമം കൃത്യമായി പാലിക്കുക.

## സോഷ്യൽ സർവ്വീസ്

**SS 87/17 ജലസംരക്ഷണ യജ്ഞം**

നബാർഡിന്റെ സഹായത്തോടെ സംഘടിപ്പിച്ച ജലസംരക്ഷണയജ്ഞത്തിന്റെ അവലോകനയോഗം 25-07-2017 ൽ ഇടുക്കി ജില്ലാ

കളക്ടർ ശ്രീ. G.R. ഗോകുലിന്റെ മേൽനോട്ടത്തിൽ നടന്നു. ജില്ലാ കളക്ടറേറ്റിൽ നടന്ന യോഗത്തിൽ നബാർഡ് ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ഗോപകുമാർ നായർ, ജില്ലാ വികസന മാനേജർ ശ്രീ. അശോക് കുമാർ നായർ, എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ,സെന്റർ ഫോർ എൺവയൺമെന്റ് എഡ്യൂക്കേഷൻ ഓഫീസർ ശ്രീ. ഷിന്റോ ജോൺ എന്നിവർ വിശിഷ്ടാതിഥികൾ ആയിരുന്നു. വിവിധ ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ, പഞ്ചായത്ത് പ്രതിനിധികൾ, ജലദൂതുകൾ തുടങ്ങിയവർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. സിബി തോമസ്, ശ്രീ. ജോസ് തൈച്ചേരി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

നബാർഡ് ദേശവ്യാപകമായി നടത്തിയ പരിപാടിയുടെ ഭാഗമായി ഇടുക്കി ജില്ലയിലെ 25 പഞ്ചായത്തുകളിലും കട്ടപ്പന മുൻസിപ്പാലിറ്റിയിലുമായി 414 വാർഡുകളിൽ ജലസംരക്ഷണ മാർഗ്ഗങ്ങൾ സംബന്ധിച്ച് പഠനവും, ചർച്ചയും, ജലവിഭവഭൂപടം തയ്യാറാക്കലും നടത്തിയിരുന്നു. ഇതിന്റെ കണ്ടെത്തലുകൾ സംബന്ധിച്ച് ചർച്ച നടത്തുന്നതിനാണ് പഞ്ചായത്ത് പ്രതിനിധികളുടെയും വിവിധ സർക്കാർ സ്ഥാപനങ്ങളുടെ പ്രതിനിധികളുടെയും യോഗം നടന്നത്.

ഹൈറേഞ്ച് ഡവലെപ്മെന്റ് സൊസൈറ്റിയാണ് ഈ ബോധവല്കരണ പരിപാടിക്ക് നേതൃത്വം നല്കിയത്. പി.ഡി.എസ്., വൊസാർഡ് എന്നീ സന്നദ്ധസംഘടനകൾ സഹകരിച്ചു. 50 ജലദൂതുമാരുടെ നേതൃത്വത്തിലാണ് എല്ലാ വാർഡുകളിലും പരിപാടി നടന്നത്.

## SS 88/17 ക്രെഡിറ്റ് യൂണിയൻ യൂണിറ്റ് വാർഷികം

### വെൺമണി

വെൺമണി യൂണിറ്റിന്റെ വാർഷികം 29-07-2017 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തി. യൂണിറ്റ് രക്ഷാധികാരി ഫാ. ലൂക്കാ തച്ചാപറമ്പത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വാർഷികയോഗം എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റും



ആനിമേറ്ററുമായ ശ്രീമതി കുഞ്ഞമ്മ തോമസ്, യൂണിറ്റ് പ്രസിഡന്റ് ശ്രീ. വർക്കിച്ചൻ താന്നിപ്പൊതി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കരകൗശലവസ്തുക്കൾ, ഹോം മെയ്ഡ് പലഹാരങ്ങൾ, ജൈവ ഉത്പന്നങ്ങൾ എന്നിവയുടെ സ്റ്റാളുകളും, അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളും വാർഷികത്തെ കൂടുതൽ ആകർഷണനീയമാക്കി. 200 അംഗങ്ങൾ പങ്കെടുത്ത പരിപാടികൾക്ക് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

### കാന്തിപ്പാറ

കാന്തിപ്പാറ യൂണിറ്റിന്റെ വാർഷികം 12-08-2017 ശനിയാഴ്ച രാവിലെ 10.30 ന് യൂണിറ്റ് രക്ഷാധികാരി ഫാ. ജോസഫ് പാറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തോടെ ആരംഭിച്ചു. യോഗത്തിൽ എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ പുതിയ ബാലവേദി സംഘങ്ങളുടെ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നടത്തി. പെയിൻ ആന്റ് പാലിയേറ്റീവിന്റെ പുതിയ യൂണിറ്റ് സി. ടെസ്സി കുര്യൻ SHന്റെ നേതൃത്വത്തിൽ ആരംഭിച്ചു. സംഘാംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ വാർഷികത്തിന് മാറ്റ് കൂട്ടി. 150 അംഗങ്ങൾ പങ്കെടുത്ത വാർഷിക പരിപാടികൾക്ക് ആനിമേറ്റർ ശ്രീമതി മോളി ജോസഫ്, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ഷൈൻ, സെക്രട്ടറി ശ്രീമതി സജിനി സാബു എന്നിവർ നേതൃത്വം നൽകി.

## SS 89/17 കമ്പനികളുടെ അവലോകന യോഗം

സൊസൈറ്റിയുടെ കീഴിൽ നബാർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെയും, ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെയും അവലോകനയോഗം 16-08-2017 ൽ നബാർഡിന്റെ തൊടുപുഴ ഓഫീസിൽ വച്ച് നടന്നു. കമ്പനികളുടെ ഡയറക്ടേഴ്സ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസേഴ്സ് സി. ബിയാ, ശ്രീ. ബിബിൻ തോമസ്, സൊസൈറ്റിയുടെ പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ എന്നിവർ പങ്കെടുത്തു.

## SS 90/17 പെയിൻ & പാലിയേറ്റീവ് കെയർ മേഖലാ മീറ്റിംഗ്

ഗുഡ് സമരിറ്റൻ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ മേഖലാ മീറ്റിംഗുകൾ 08-08-2017 ൽ കരിമ്പനിലും, 09-08-2017 ൽ വെള്ളയാംകുടിയിലും,12-08-2017 ൽ അടിമാലിയിലും നടത്തപ്പെട്ടു. എച്ച്.ഡി.എസ്. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലിന്റെ അദ്ധ്യക്ഷതയിൽ ആണ് മീറ്റിംഗുകൾ നടന്നത്. വിവിധ യൂണിറ്റുകളിൽനിന്ന് എത്തിയ പ്രതിനിധികൾ യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. കോഡിനേറ്റർ ബിബിൻ തോമസ് പരിപാടികൾക്ക് നേതൃത്വം നൽകി.

## SS 91/17 ദുരതാശ്വാസ നിധി

സൊസൈറ്റിയിൽനിന്നും ജൂലൈമാസം 3 രോഗികൾക്കായി 5000 രൂപ ചികിത്സാ സഹായമായി നൽകി.

## SS 92/17 ഗ്രീൻ പ്രൊഡ്യൂസർ കമ്പനി ബോർഡ് മീറ്റിംഗ്

ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനിയുടെ 8-ാമത് ബോർഡ് മീറ്റിംഗ് 11-08-2017 വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ബിഷപ്സ് ഹൗസിൽ ചേർന്നു. ശ്രീ. മാത്യു പുത്തൻപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കമ്പനിയുടെ നിലവിലുള്ള പ്രവർത്തനങ്ങളെപ്പറ്റിയും ഭാവി പരിപാടികളെയുംകുറിച്ച് ചർച്ച നടത്തി. ബോർഡ് അംഗങ്ങൾ എല്ലാവരും യോഗത്തിൽ സന്നിഹിതരായിരുന്നു.

# തിരുബാലസഖ്യം

## HC 13/17 ഓണാഘോഷ പരിപാടികൾ

ശാഖാതലത്തിൽ തിരുബാലസഖ്യത്തിലെ കുട്ടികൾക്കായി ഓണാഘോഷ പരിപാടികൾ നടത്താൻ ശ്രദ്ധിക്കുമല്ലോ.



## HC 14/17 എട്ടുനോമ്പാചരണം

പരിശുദ്ധ അമ്മയുടെ വാത്സല്യമുള്ള മക്കളാകാൻ, സെപ്റ്റംബറിലെ ആദ്യ എട്ടുദിവസങ്ങളിൽ കുട്ടികൾ എല്ലാവരേയും വി. കുർബാനയിൽ പങ്കെടുക്കുവാനായി പ്രോത്സാഹിപ്പിക്കുമല്ലോ.

## HC 15/17 ശാഖാ ബുള്ളറ്റിൻ

ഫാത്തിമാ വർഷം പ്രമാണിച്ച്, ഫാത്തിമാ മാതാവിനെ കുറിച്ചുള്ള വാർത്തകളും, ചിത്രങ്ങളും ശേഖരിച്ച് ഒരു ശാഖാ ബുള്ളറ്റിൻ തയ്യാറാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ഗ്രൂപ്പുകളായി തിരിച്ച് മത്സരം നടത്തുന്നത് അഭികാമ്യമാണ്.

## HC16/17 ഫൊറോന മത്സരങ്ങൾ

സെപ്റ്റംബർ 30-ാം തീയതി തിരുബാലസഖ്യം ഫൊറോന മത്സരങ്ങൾ നടത്തപ്പെടുകയാണ്. ശാഖാതല മത്സരങ്ങളിൽ വിജയികളായവരുടെ പേരു വിവരങ്ങൾ അതാത് ഫൊറോന ഡയറക്ടറുടേയോ, ആനിമേറ്ററുടേയോ കൈവശം മുൻകൂട്ടി എത്തിക്കുവാൻ ശ്രദ്ധിക്കുക.

# ചെറുപുഷ്പ മിഷൻലീഗ്

## CML 39/17 മേഖലാ കലോത്സവം

സി.എം.എൽ. ഇടുക്കി രൂപതയുടെ കീഴിലുള്ള 11 മേഖലകളിലും സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച മേഖലാ കലോത്സവം നടത്തപ്പെടുന്നു. മേഖലാ കലോത്സവത്തിനാവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ മേഖലാ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

## CML 40/17 രൂപതാ സാഹിത്യ മത്സര വിജയികൾ

**സൂപ്പർ സീനിയർ ആൺകുട്ടികൾ**

**ചെറുകഥ**

I$^{st}$ ബിബിൻ സെബാസ്റ്റ്യൻ അയന്തിക്കൽ, എഴുകുംവയൽ

IInd നിവിൻ വർഗീസ് വടക്കേക്കളം, മുട്ടുകാട്

IIIrd ജോളി വർഗീസ് മൊട്ടക്കുന്നേൽ, മണിയാറൻകുടി

### കവിത

Ist ജോളി വർഗീസ് മൊട്ടക്കുന്നേൽ, മണിയാറൻകുടി

IInd അമൽ മാത്യു ചുഴിക്കുന്നേൽ, വെള്ളയാംകുടി

IIIrd ജോസഫ് ഇ.ജെ. ഇളംതുരുത്തിയിൽ, വാഴവര

### ഉപന്യാസം

Ist മനു കെ. ഫിലിപ്പ് കൂടപ്പാട്ട്, നെടുംകണ്ടം

IInd ജോൺസൺ തോമസ് കൊടുങ്ങൂക്കാരൻ, വിമലഗിരി

IIIrd ജോബി വി.ജെ. വാരിക്കാട്ട്, വാഴത്തോപ്പ്

## സൂപ്പർ സീനിയർ പെൺകുട്ടികൾ

### ചെറുകഥ

Ist അഞ്ജന തോമസ് അയ്യമലയിൽ, ഉദയഗിരി

IInd എമിൽ എൽസ ജോസ് തയ്യിൽ, വാഴവര

IIIrd റിയ റോസ് സാബു മാടപ്പാട്ട്, ചെമ്മണ്ണാർ

IIIrd അലീന ജോർജ്ജ് വരകിൽ, നാങ്കുതൊട്ടി

### കവിത

Ist റിൻസി സിബി കാരോട്ടുകുന്നേൽ, വാഴത്തോപ്പ്

IInd അലിന്റ ജോസഫ് കടപ്പൂർ, ആയിരമേക്കർ

IIIrd സിമി ജോസഫ് മൂലേപ്പറമ്പിൽ, നെടുംകണ്ടം

IIIrd വത്സമ്മ ബേബി ഞായർകുളം, കാഞ്ചിയാർ

### ഉപന്യാസം

Ist സിമി ജോസഫ് മൂലേപ്പറമ്പിൽ, നെടുംകണ്ടം

IInd അനുപ്രിയ ജോസ് പിണ്ടിക്കാനായിൽ, കുഞ്ചിത്തണ്ണി

IIIrd ബിൻസി ജോബി വാരിക്കാട്ട്, വാഴത്തോപ്പ്



## സീനിയർ ആൺകുട്ടികൾ

### ചെറുകഥ

Ist ആൽബിറ്റ് ബിജു തളികപ്പറമ്പിൽ, മാങ്കുളം

IInd തോംസൺ കെ. തോമസ് കാഞ്ഞിരംപാറയിൽ, അടിമാലി

IIIrd ഹെൻട്രി മേജൊ മുണ്ടമറ്റം, എഴുകുംവയൽ

### കവിത

Ist സെൽജിൻ വി. ജോസഫ് വാളികുളത്ത്, മുരിക്കാശ്ശേരി

IInd ഡെന്നി ടോം സേവ്യർ കൂമ്പുങ്കൽ, കാഞ്ചിയാർ

IIIrd രാഹുൽ ജോസഫ് മുതിയിടത്തുകുഴിയിൽ, ജോർജിയാർ

### ഉപന്യാസം

Ist ജെസ്റ്റിൻ റ്റി.സി. ചക്കാലയിൽ, പാണ്ടിപ്പാറ

IInd നിഖിൽ ദേവസ്യ പുത്തൻപുരയ്ക്കൽ, പണിക്കൻകുടി

IIIrd അലൻ സണ്ണി കൊല്ലറേട്ട്, തോപ്രാംകുടി

IIIrd മിഥുൻ മാത്യു ഞാറക്കുളത്ത്, പാറത്തോട്

## സീനിയർ പെൺകുട്ടികൾ

### ചെറുകഥ

Ist മെറിൻ ജെയിംസ് കൊച്ചുമുട്ടം, ആയിരമേക്കർ

IInd അയോണ സിബി വാവലുമാക്കൽ, ഇരട്ടയാർ

IIIrd നീനു അബ്രാഹം പയ്യംമ്പിള്ളിൽ, എഴുകുംവയൽ

### കവിത

Ist ജോഷിനാമോൾ ജോജോ ചാമക്കാലയിൽ, തോപ്രാംകുടി

IInd പവിത്രാ തെരേസ് ജോർജ് മുത്തനാട്ട്, ഇരട്ടയാർ

IIIrd റിയ കെ. റോയി കൊച്ചുപറമ്പിൽ, കാമാക്ഷി

IIIrd നീനു അന്ന ജോർജ് വാളിപ്ലാക്കൽ, കാഞ്ചിയാർ

### ഉപന്യാസം

Ist ക്വീൻ മേരി മാത്യു ഒടുവേലിൽ, രാജാക്കാട്

IInd ഡോണ മൈക്കിൾ വടക്കേൽ, അടിമാലി

III[rd] നവ്യ ആന്റണി കല്ലൂർ, ചുരുളി

III[rd] അലീന എലിസബത്ത് ജോയി കുമ്മിണിയിൽ, മരിയാപുരം

**ജൂണിയർ ആൺകുട്ടികൾ**

**ചെറുകഥ**

I[st] ചെറിയാൻ തോമസ് വലിയകുളത്തിൽ, വെള്ളയാംകുടി

II[nd] റെറ്റിൻ ജോസഫ് വെള്ളക്കാക്കുടിയിൽ, ചുരുളി

III[rd] ഓസ്റ്റിൻ ഉല്ലാസ് പുഷ്പനിവാസ്, മഞ്ഞപ്പാറ

**കവിത**

I[st] ഡോൺ തോമസ് കൈപ്പകശ്ശേരിൽ, ഇരട്ടയാർ

II[nd] ജിതിൻ സജി ചാരുവിളപുരയിടം, വെള്ളയാംകുടി

III[rd] ആൽബർട്ട് ജോയി കുമ്മിണിയിൽ, മരിയാപുരം

**ഉപന്യാസം**

I[st] മെൽവിൻ സെബാസ്റ്റ്യൻ മറനാട്ട്, ഉദയഗിരി

II[nd] ആൽബർട്ട് ജോയി കുമ്മിണിയിൽ, മരിയാപുരം

III[rd] ജോയൽ ലോറൻസ് പുതുക്കാട്ട്, മുളകരമേട്

III[rd] ബിനറ്റ് ബിനോയി തെക്കേവയലിൽ, പൊന്നാമല

**ജൂണിയർ പെൺകുട്ടികൾ**

**ചെറുകഥ**

I[st] അൻസ ബെന്നി അരഞ്ഞനാൽ, നാങ്കുതൊട്ടി

II[nd] അതുല്യ ബിജു കുടിയിരിക്കൽ, ഉപ്പുതോട്

III[rd] ഗ്രെയ്സ് എലിസബത്ത് ജോയി പ്ലാത്തറ, നെടുംകണ്ടം

**കവിത**

I[st] അൻസ ബെന്നി അരഞ്ഞനാൽ, നാങ്കുതൊട്ടി

II[nd] രശ്മി റോയി മുകളേൽ, നാരകക്കാനം

III[rd] ജോസ്ന വിൽസൺ നിരവത്ത്, വിമലഗിരി

III[rd] ആൻമരിയ മൈക്കിൾ കോലോത്ത്, എഴുകുംവയൽ



**ഉപന്യാസം**

I[st] ആൻമരിയ സണ്ണി കരോട്ടുകുഴികണ്ടത്തിൽ, ഉപ്പുതോട്

II[nd] ജോസ്ന സിബി കളപ്പുരയ്ക്കൽ, മാവടി

III[rd] സാന്ദ്ര മരിയ റോയി തകിടിയേൽ, ശാന്തിഗ്രാം

III[rd] ആഗി ബാബു കിഴക്കേൽ, മഞ്ഞപ്പെട്ടി

## CML 41/17 പ്രതിഭാ സംഗമം

രൂപതാ സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവർക്കായി പ്രതിഭാ സംഗമം സെപ്റ്റംബർ 20-ാം തീയതി വൈകുന്നേരം 7 മണിക്ക് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ നടത്തപ്പെടുന്നു. വിജയികളായവരെ ശാഖകളിൽനിന്ന് പറഞ്ഞുവിടുമല്ലോ.

## CML 42/17 സംസ്ഥാന സാഹിത്യമത്സരം

### ജീവജലം വചനമെഴുത്ത് മത്സരം

സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 21 വ്യാഴാഴ്ച രാവിലെ 9.30 മുതൽ മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ നടത്തപ്പെടുന്നു. രൂപതാ സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയവരാണ് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത നേടിയിരിക്കുന്നത്.

സംസ്ഥാന സാഹിത്യമത്സരത്തോടനുബന്ധിച്ച് ജീവജലം വചനമെഴുത്ത് മത്സരം ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി നടത്തുന്നു. ഓരോ വിഭാഗത്തിലും രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ജൂനിയർ- 5, 6, 7, 8 ക്ലാസുകൾ, സീനിയർ - 9, 10, 11, 12 ക്ലാസ്സുകൾ.

## CML 43/17 ടീൻസ് മീറ്റ്

രൂപതയിലെ XII-ാം ക്ലാസ്സ് കുട്ടികൾക്കായി സി.എം.എൽ. ഇടുക്കി രൂപതയുടെയും ക്രിസ്തുജ്യോതി മതബോധന കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ സെപ്റ്റംബർ 29, 5 pm മുതൽ ഒക്ടോബർ 1, 3 pm വരെ തൂക്കുപാലം വിജയമാതാ പബ്ലിക്ക് സ്കൂളിൽ ടീൻസ്

മീറ്റ് നടത്തപ്പെടുന്നു. ശാഖകളിൽനിന്ന് പങ്കെടുക്കുന്നവരുടെ രജിസ്ട്രേഷൻ ഫോമും ഫീസും സെപ്റ്റംബർ 9-ാം തീയതി മേഖലാ കലോത്സവത്തിന് വരുമ്പോൾ എത്തിക്കേണ്ടതാണ്.

### CML 45/17 മരിയൻ തീർത്ഥാടനം

സി.എം.എൽ. ഇടുക്കി രൂപതയുടെയും രാജാക്കാട് ഇടവക യുടെയും ആഭിമുഖ്യത്തിൽ സെപ്റ്റംബർ 6-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് രാജാക്കാടുനിന്ന് മരിയൻ തിർത്ഥാടന കേന്ദ്രമായ രാജകുമാരി ദൈവമാതാ ദൈവാലയത്തിലേയ്ക്ക് മരിയൻ തിർത്ഥാടനം നടത്തുന്നു. എല്ലാ ശാഖകളിൽനിന്നും പരമാവധി സി.എം.എൽ. അംഗങ്ങളെ പങ്കെടുപ്പിക്കുമല്ലോ.

### CML 45/17 രൂപതാ ഭാരവാഹികളുടെ പ്രാർത്ഥനക്കൂട്ടായ്മ

സി.എം.എൽ. രൂപതാ ഭാരവാഹികളുടെ പ്രാർത്ഥനക്കൂട്ടായ്മ സെപ്റ്റംബർ 5-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 7 മണിക്ക് പന്നിയാർകൂട്ടി ശാഖയിൽ നടത്തപ്പെടുന്നു.

## കെ.സി.എസ്.എൽ.

### KCSL 27/17 രൂപതാ ലീഡേഴ്സ് ക്യാമ്പ്

കെ.സി.എസ്.എൽ. സ്കൂൾ ലീഡേഴ്സിനായി ആഗസ്റ്റ് 31-ാം തീയതി വൈകുന്നേരം 4.00 മണി മുതൽ സെപ്റ്റംബർ 1-ാം തീയതി 3 മണിവരെ പാറത്തോട് സെന്റ് ജോർജ്ജ് ഹയർസെക്കണ്ടറി സ്കൂളിൽ ലീഡേഴ്സ് ക്യാമ്പ് സംഘടിപ്പിച്ചിരിക്കുന്നു. ഓരോ വിഭാഗത്തിൽനിന്നും 4 ലീഡേഴ്സിന് ക്യാമ്പിൽ പങ്കെടുക്കാം (Std.VII to XII - 2 ആൺ 2 പെൺ). പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ ആഗസ്റ്റ് 25-ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കണം. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 250/.



### KCSL 28/17 രൂപതാ സാഹിത്യമത്സരം

ഈ വർഷത്തെ രൂപതാ സാഹിത്യമത്സരം 5 റീജിയണുകളിലായി ഒക്ടോബർ 2-ാം തീയതി നടത്തുന്നു. ഒരു കുട്ടിക്ക് വ്യക്തിഗതമായി 2 ഇനങ്ങളിലും സംഘാതമായി 2 ഇനങ്ങളിലും പങ്കെടുക്കാം. ഒരു സ്കൂളിൽ നിന്നും ഓരോ ഇനങ്ങളിലും 2 കുട്ടികൾ / 2 ടീമിന് പങ്കെടുക്കാം. സ്കോളർഷിപ്പ്, ബൈബിൾ ക്വിസ്, കെ.സി.എസ്.എൽ. ക്വിസ് എന്നിവയ്ക്ക് 2 പേരടങ്ങുന്ന 2 ടീമിന് പങ്കെടുക്കാം. കൈയ്യെഴുത്തു മാസിക നിർമ്മാണത്തിന് 10 പേരടങ്ങുന്ന ഒരു ടീം മാത്രം, തത്സമയ മത്സരമായിരിക്കും. എഴുതിയ രചനകൾ മത്സരഹാളിൽ യാതൊരു കാരണവശാലും കൊണ്ടുവരാൻ പാടില്ല. ഡിസൈനുള്ള സ്കെയിൽ, ഫ്രെയിം, സ്പ്രേ പെയിന്റ് എന്നിവ ഉപയോഗിക്കാൻ പാടില്ല. വാട്ടർ കളർ, മാർക്കർ, സ്കെച്ച്, ക്രെയോൺസ്, സാധാരണ സ്കെയിൽ എന്നിവ ഉപയോഗിക്കാം. ബൈബിൾ ക്വിസിന് വാക്യരചന ഉണ്ടായിരിക്കുന്നതല്ല. ചോദ്യങ്ങൾ ഒബ്ജക്ടീവ് രീതിയിലായിരിക്കും. സഭാവിജ്ഞാനം, ബൈബിൾ സംബന്ധമായ പൊതുവിവരങ്ങൾ എന്നിവ ചോദ്യത്തിൽ ഉണ്ടായിരിക്കും (കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ Page No. 22 കാണുക).

**മത്സരം നടക്കുന്ന വിവിധ കേന്ദ്രങ്ങൾ**

| | |
|---|---|
| ഇരട്ടയാർ | - സെന്റ് തോമസ് എച്ച്.എസ്.എസ്. |
| നെടുംകണ്ടം | - സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ്. |
| മുരിക്കാശ്ശേരി | - സെന്റ് മേരീസ് എച്ച്.എസ്.എസ്. |
| വാഴത്തോപ്പ് | - സെന്റ് ജോർജ് എച്ച്.എസ്.എസ്. |
| കൂമ്പൻപാറ | - ഫാത്തിമമാതാ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ |

### KCSL 29/17 മെഗാക്വിസ്

കെ.സി.എസ്.എൽ. മെഗാക്വിസിന്റെ ആദ്യറൗണ്ട്/സ്കൂൾ തല മത്സരം സെപ്റ്റംബർ 22 -ാം തീയതി ഉച്ചയ്ക്കുശേഷം അതാത് സ്കൂളുകളിൽ നടത്തുന്നു. രൂപതാ ഓഫീസിൽനിന്നും ലഭിക്കുന്ന ചോദ്യങ്ങളാണ് ഉപയോഗിക്കേണ്ടത്. സ്കൂളിൽ ഏറ്റവും കൂടുതൽ

മാർക്ക് ലഭിച്ച 2 കുട്ടികളടങ്ങുന്ന ഒരു ടീമിനെ ഓരോ വിഭാഗത്തിൽ നിന്നും രൂപതാ മത്സരത്തിൽ പങ്കെടുപ്പിക്കാം. ഒക്ടോബർ 18-ാം തീയതി നടക്കുന്ന രൂപതാ കലോത്സവത്തോടൊപ്പമായിരിക്കും മെഗാഫൈനൽ നടത്തുക. രൂപതാതല മത്സരം 2 റൗണ്ടുകളിലായിട്ടായിരിക്കും നടത്തുക: 1. എഴുത്തു പരീക്ഷ 2. ലൈവ് ഷോ. എഴുത്തു പരീക്ഷയിൽ ഏറ്റവും കൂടുതൽ പോയിന്റ് സ്കോർ ചെയ്യുന്ന 5 ടീമുകളെ ഓരോ വിഭാഗങ്ങളിൽനിന്നും മെഗാ ഫൈനലിലേയ്ക്ക് തിരഞ്ഞെടുക്കും. ചോദ്യങ്ങൾ ഒബ്ജക്ടീവ് രീതിയിലായിരിക്കും. എൽ.പി. വിഭാഗത്തിന്റെ രൂപതാതല മത്സരം 2018 ജനുവരി 26-ന് നടക്കുന്ന കിഡ്സ് കലോത്സവത്തോടനുബന്ധിച്ചായിരിക്കും. പഠനപുസ്തകങ്ങൾ രൂപതാ ഓഫീസിൽ ലഭ്യമാണ്.

പഠന ഭാഗങ്ങൾ

| | | | |
|---|---|---|---|
| U.P., H.S., H.S.S. | - | ജീവിതം വിസ്മയം | 45 % |
| | - | വിശുദ്ധ ജോസ് ലൂയിസ് | 45 % |
| | - | സഭാവിജ്ഞാനം | 10 % |
| L.P. | - | വിശുദ്ധ ജോസ് ലൂയിസ് | 90 % |
| | - | മാർഗ്ഗരേഖ | 5 % |
| | - | സഭാവിജ്ഞാനം | 5 % |

### KCSL 30/17 ജീവിത വിശുദ്ധീകരണ ധ്യാനം

ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗം കുട്ടികൾക്കായി തോപ്രാംകുടി അമല ധ്യാനകേന്ദ്രത്തിൽ സെപ്റ്റംബർ 28-ന് വൈകുന്നേരം 5 മണി മുതൽ 30-ാം തീയതി വൈകിട്ട് 3 മണിവരെ ജീവിത വിശുദ്ധീകരണ ധ്യാനം നടത്തുന്നു. താല്പര്യമുള്ള എല്ലാ കുട്ടികൾക്കും പങ്കെടുക്കാം. പങ്കെടുക്കുന്ന കുട്ടികളുടെ പേരും വിവരവും സെപ്റ്റംബർ 20-ന് മുമ്പ് രൂപതാ ഭാരവാഹികളെ അറിയിക്കണം. ഫീസ് - 500 രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 കുട്ടികൾക്കായിരിക്കും ധ്യാനിക്കാൻ അവസരമുള്ളത്.



### KCSL 31/17 അംഗത്വലിസ്റ്റ് & മെമ്പർഷിപ്പ് കാർഡ്

അംഗത്വലിസ്റ്റ് ഇനിയും നൽകാത്തവർ സെപ്റ്റംബർ 16-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. പ്രവർത്തനഫണ്ട് ഇനിയും പൂർണ്ണമായും സമാഹരിക്കാൻ സാധിക്കാത്ത സ്കൂളുകൾ, ലഭിച്ച തുക അംഗത്വലിസ്റ്റിനോടൊപ്പം എല്ലാ KCSL അംഗങ്ങളെയും ഉൾപ്പെടുത്തി നൽകുകയും ബാക്കി തുക ഒരു മാസം 2.5 രൂപ എന്ന ക്രമത്തിൽ (10 മാസം x 2.5 രൂപ = 25 രൂപ) (L.P. 10 മാസം x 1 രൂപ = 10 രൂപ) സമാഹരിച്ച് ഡിസംബർ 31-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കാൻ ശ്രമിക്കുമല്ലോ. മെമ്പർഷിപ്പ് കാർഡ് രൂപതാ ഓഫീസിൽ ലഭ്യമാണ്. കെ.സി.എസ്.എൽ. ന്റെ എല്ലാ മത്സരങ്ങൾക്കും അംഗത്വ കാർഡ് നിർബന്ധമായിരിക്കും. യൂണിറ്റിലെ കെ.സി. എസ്.എൽ. പ്രവർത്തനങ്ങൾക്കും ഈ കാർഡ് ഉപയോഗിക്കാം.

### KCSL 32/17 രൂപതാ കലോത്സവം

ഈ വർഷത്തെ കെ.സി.എസ്.എൽ. രൂപതാ കലോത്സവം ഒക്ടോബർ 18-ാം തീയതി മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടക്കും. ഇതിനുവേണ്ട മുന്നൊരുക്കങ്ങൾ നടത്തുമല്ലോ. (കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ Page No. 24 -27 കാണുക)

## ജീസസ് യൂത്ത് ഇടുക്കി സോൺ

### JY 7/17 ഹൗസ്ഹോൾഡ്

ഓഗസ്റ്റ് മാസത്തിലെ ഹൗസ്ഹോൾഡ് 6-ാം തീയതി ഉച്ചകഴിഞ്ഞ് മുരിക്കാശ്ശേരി സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്നു. അടുത്ത കൂട്ടായ്മ സെപ്റ്റംബർ 3 ന് നടത്തുന്നു.

**JY 8/17** **മദ്ധ്യസ്ഥ പ്രാർത്ഥന**

സോണിന്റെ മദ്ധ്യസ്ഥ പ്രാർത്ഥന ഓഗസ്റ്റ് 4-ാം തീയതി മുതൽ എല്ലാ വെള്ളിയാഴ്ചകളിലും വൈകിട്ട് 6 മുതൽ 8 pm വരെ അമല കപ്പൂച്ചിൻ ആശ്രമത്തിൽ നടത്തിവരുന്നു.

**JY 9/17** **സബ്സോൺ കൂട്ടായ്മകൾ**

ഓഗസ്റ്റ് മാസം മുതൽ സോണിലെ 5 സബ്സോണുകളിൽ മാസത്തിലെ മൂന്നാം ഞായറാഴ്ച്ച സബ്സോൺ കൂട്ടായ്കൾ നടത്തുന്നു. ഓഗസ്റ്റ് മാസത്തിലെ കൂട്ടായ്മ 20-ാം തീയതിയും സെപ്റ്റംബർ മാസത്തിലെ കൂട്ടായ്മ 17-ാം തീയതിയും നടത്തുന്നു.

**JY 10/17** **ഫോർമേഷൻ**

ജീസസ്യൂത്ത് ഇന്റർനാഷണൽ ടീം രൂപപ്പെടുത്തിയ ഫോർമേഷൻ കോഴുസുകളിലെ ആദ്യത്തെ കോഴ്സായ ഫിലിപ്പ് കോഴ്സ് സെപ്റ്റംബർ 8 ന് വൈകിട്ട് 5 മുതൽ 10 ന് വൈകിട്ടു 4 pm വരെ അമല കപ്പൂച്ചിൻ ആശ്രമത്തിൽ നടത്തുന്നു.

## കെ.സി.വൈ.എം.

**KCYM 11/17** **ജീസസ് നൈറ്റ്**

എല്ലക്കൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 12-ാം തീയതി ജീസസ് നൈറ്റ് നടത്തി. കെ.സി.വൈ.എം. ഇടുക്കി രൂപതാ പ്രസിഡന്റ് ആൽബിൻ വറപോളയ്ക്കൽ, ജനറൽ സെക്രട്ടറി ക്ലീറ്റസ് അജു, ആനിമേറ്റർ സി. റ്റെസിൻ എഫ്.സി.സി., സാബു കുന്നുംപുറം, അരുൺ മംഗലം, ജിതിൻ ചെമ്മരപ്പള്ളിൽ, ജിതിൻ ചൂണ്ടിയാനിക്കൽ, ലിജോ, അനു, അഞ്ജലി തുടങ്ങയവർ നേതൃത്വം വഹിച്ചു.



**KCYM 12/17** **യൂണിറ്റ് സന്ദർശനം**

കെ.സി.വൈ.എം. ഇടുക്കി രൂപതയിൽനിന്നും പ്രസിഡന്റ് ആൽബിൻ വറപോളയ്ക്കൽ, ജിതിൻ എന്നിവർ മച്ചിപ്ലാവ് യൂണിറ്റ് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**KCYM 13/17** **യൂണിറ്റ് രൂപീകരണം**

കെ.സി.വൈ.എം. ഇടുക്കി രൂപതയിൽ നിന്നും പ്രസിഡന്റ് ആൽബിൻ വറപോളയ്ക്കൽ, ജനറൽ സെക്രട്ടറി ക്ലീറ്റസ് അജു, സാബു കുന്നുംപുറം, ജിതിൻ, എലിസബത്ത് ജോസഫ് തുടങ്ങിയവർ ആയിരമേക്കർ യൂണിറ്റ് രൂപീകരണത്തിൽ പങ്കെടുക്കുകയും യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്ത് സത്യപ്രതിജ്ഞ നടത്തുകയും ചെയ്തു. ശ്രീ. ബിനോയ് മഠത്തിൽ ക്ലാസ് നയിച്ചു.

**KCYM 14/17** **അർദ്ധവാർഷിക കൗൺസിൽ**

കെ.സി.വൈ.എം. ഇടുക്കി രൂപതാ സമിതിയുടെ അർദ്ധവാർഷിക കൗൺസിൽ സെപ്റ്റംബർ 30 ന് നടത്തപ്പെടുന്നു. വിശദവിവരങ്ങൾ കത്തുമുഖേന അറിയിക്കുന്നതായിരിക്കും.

## ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 21/17** **വിവാഹ ഒരുക്ക ധ്യാനം**

സെപ്റ്റംബർ 28 വ്യാഴം - 30 ശനി
ഒക്ടോബർ 09 തിങ്കൾ - 11 ബുധൻ
ഒക്ടോബർ 23 തിങ്കൾ - 25 ബുധൻ

സ്ഥലം : ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി
ഫോൺ:- 9496895111

ധ്യാനത്തിന്റെ രജിസ്ട്രേഷൻ രാവിലെ 9 മണിക്കും, ക്ലാസുകൾ 10 മണിക്കും ആരംഭിക്കും. എല്ലാവരും സമയം കൃത്യമായി പാലിക്കണം.

**FA 22/17 ദമ്പതി ധ്യാനം**

ഒക്ടോബർ 19 വ്യാഴം 9 pm മുതൽ 22 ഞായർ 4 pm വരെ ദമ്പതികൾക്കായുള്ള ധ്യാനം അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. ഫീസ് Rs. 750.

**FA 23/17 ഏലീശ്വാ ധ്യാനം**

ഗർഭസ്ഥശിശുക്കൾ ഉള്ള ദമ്പതികൾക്കായി അടിമാലി ആത്മജ്യോതിയിൽ ഒക്ടോബർ 27 വെള്ളി 5 pm മുതൽ 29 ഞായർ 4 pm വരെ നടത്തപ്പെടുന്ന ധ്യാനത്തിൽ മാതൃത്വ - ശിശുപാലന ബോധ്യങ്ങൾ നൽകാൻ ശിശുരോഗ ഡോക്ടർമാർ ക്ലാസുകൾ നയിക്കുന്നു. കൗൺസിലിംഗ് സൗകര്യവും ഒരുക്കിയിരിക്കുന്നു. ഫീസ് Rs. 300.

## നവോമി കുടുംബ കേന്ദ്രം

**NFC 9/17 വിധവകൾക്കായുള്ള നവോമി ധ്യാനം**

ഒക്ടോബർ 27 വെള്ളി 5 pm മുതൽ 29 ഞായർ 4 pm വരെ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ നമ്മുടെ ഇടവകയിൽ വിധവകളായി കഴിയുന്നവർക്കായി ആന്തരികസൗഖ്യധ്യാനം ക്രമീകരിച്ചിരിക്കുന്നു. ഫീസ് Rs. 400. ഫോൺ : 9496895111

## മാതൃവേദി

**MV 21/17 സുകൃതം 2017**

കിടപ്പു രോഗികളെ ശുശ്രൂഷിക്കുന്ന അമ്മമാരെ ആദരിക്കുന്ന ''സുകൃതം-2017'' എന്ന പരിപാടി വിവിധ റീജിയണുകളിലായി നടത്തപ്പെട്ടു. ഈ പരിപാടിയുമായി സഹകരിച്ച എല്ലാവർക്കും



രൂപതാ മാതൃവേദി കുടുംബത്തിന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**വെള്ളയാംകുടി മേഖല**

''സുകൃതം-2017'' വിജയകരമായ രീതിയിൽ ഇടവകയിൽ നടത്തപ്പെട്ടു. അറുപതോളം അമ്മമാർ പങ്കെടുത്ത പരിപാടിയിൽ കാര്യങ്ങൾ വേണ്ടവിധം ക്രമീകരിച്ച മേഖലാ ഡയറക്ടർ ബഹു. ജോർജ്ജ് കരിവേലിക്കലച്ചനും അനുഗ്രഹ പ്രഭാഷണം നടത്തിയ ബഹു. ജെയിംസ് മംഗലശ്ശേരിയച്ചനും മേഖലാ മോഡറേറ്റർ സി. ജിയോയ്ക്കും യൂണിറ്റ് മോഡറേറ്റർ സി. ജെയ്സിനും നന്ദി അറിയിക്കുന്നു.

**രാജാക്കാട് മേഖല**

രാജാക്കാട് മേഖലയിൽ ''സുകൃതം-2017'' എന്ന പരിപാടി വിജയകരമായ രീതിയിൽ നടത്തപ്പെട്ടു. നാല്പതോളം അമ്മമാർ പങ്കെടുത്ത പരിപാടിയിൽ വേണ്ട ക്രമീകരണങ്ങൾ നടത്തിയ മേഖലാ ഡയറക്ടർ ബഹു. അബ്രാഹം പുറയാറ്റച്ചനും അനുഗ്രഹ പ്രഭാഷണം നടത്തിയ ബഹു. ജോസ് കരിവേലിക്കലച്ചനും മേഖലാ മോഡറേറ്റർ സി. പ്രീതിക്കും യൂണിറ്റ് മോഡറേറ്റർ സി. ആൻസ് മാത്യുവിനും മാതൃവേദി കുടുംബത്തിന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

**വാഴത്തോപ്പ് മേഖല**

**വാഴത്തോപ്പ്** മേഖലയിൽ ''സുകൃതം-2017'' എന്ന പരിപാടി വിജയകരമായ രീതിയിൽ നടത്തപ്പെട്ടു. അൻപതോളം അമ്മമാർ പങ്കെടുത്ത പരിപാടിക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയ മേഖലാ ഡയറക്ടർ ബഹു. ജോസ് ചെമ്മരപ്പള്ളിയച്ചനും മേഖലാ മോഡറേറ്റർ സി. സുദീപ CMC ക്കും യൂണിറ്റ് മോഡറേറ്റർ സി. ജോൺസി FSLG ക്കും സി. ലീമാ SABS നും രൂപതാ മാതൃവേദി കുടുംബത്തിന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

## MV 22/17 ബൈബിൾ കൈയെഴുത്ത് മത്സരം

ബൈബിൾ കൈയെഴുത്ത് മത്സരത്തിൽ പങ്കെടുക്കാനുള്ളവരുടെ പേരും, വീട്ടുപേരും, വിഭാഗവും അടങ്ങിയ ലിസ്റ്റ് എത്രയും വേഗം രൂപതാ ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. അതിനുശേഷമായിരിക്കും മത്സരാർത്ഥികളുടെ രജിസ്ട്രേഷൻ നമ്പർ നൽകപ്പെടുക. രജിസ്ട്രേഷൻ ഫീസ് ഒരു മത്സരാർത്ഥിക്ക് 200 രൂപ.



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 29/17 ഫാത്തിമാ സന്ദേശ യാത്ര

കെ.സി.ബി.സി. യുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ എല്ലാ രൂപതകളിലൂടെയും ഫാത്തിമാസന്ദേശം പങ്കുവെച്ചുകൊണ്ടുള്ള യാത്ര നടത്തപ്പെടുന്നു. 2017 ഓഗസ്റ്റ് 16-ന് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ ആരംഭിച്ചു. ഫാത്തിമായിൽനിന്നും വെഞ്ചരിച്ച് എത്തിച്ച തിരുസ്വരൂപവുമായി സെപ്റ്റംബർ 15, 16, 17 തീയതികളിൽ ഇടുക്കി രൂപതയിലെ വിവിധ ഇടവകകളിലൂടെ ഈ യാത്ര കടന്നുപോകുന്നു. യാത്രയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**സെപ്റ്റംബർ 15 വെള്ളി**

രാവിലെ 6 മണിക്ക് വെൺമണി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ എത്തിച്ചേരുന്നു. തുടർന്ന് വാഹന അകമ്പടിയോടെ സ്വീകരിച്ച് കഞ്ഞിക്കുഴി സെന്റ് മേരീസ് ദൈവാലയത്തിൽ എത്തുന്നു. തുടർന്ന് വിമലഗിരി വിമലമാതാ ചർച്ച്, തടിയംപാട് ഫാത്തിമാമാതാ ദൈവാലയം, ഇടുക്കി സെന്റ് ജോർജ്ജ് ദൈവാലയം, താന്നിക്കണ്ടം സെന്റ് മേരീസ് ദൈവാലയം എന്നീ ഇടവകകളിലൂടെ സന്ദർശിച്ച് വൈകുന്നേരം 7 മണിക്ക് വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേരും. തുടർന്ന് ജപമാല, വചനപ്രഘോഷണം, ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, രാത്രി 12 മണിക്ക്



വി. കുർബാന എന്നീ തിരുക്കർമ്മങ്ങളോടെ അന്നത്തെ തിരുസ്വരൂപ സന്ദർശന പരിപാടി സമാപിക്കും.

**സെപ്റ്റംബർ 16 ശനി**

രാവിലെ 6 മണിക്ക് കനകക്കുന്ന് സെന്റ് ജൂഡ് ദൈവാലയത്തിൽ എത്തിച്ചേരുന്ന ഫാത്തിമാ സന്ദേശ യാത്ര വി. കുർബാനയ്ക്കും, തിരുസ്വരൂപ വണക്കത്തിനും ശേഷം തോപ്രാംകുടി മരിയാഗോരേത്തി പള്ളി, ബഥേൽ സെന്റ് ജേക്കബ്സ് പള്ളി, പൊൻമുടി സെന്റ് മേരീസ് പള്ളി, പാറത്തോട് സെന്റ് ജോർജ്ജ് ഫൊറോനാ പള്ളി, തെള്ളിത്തോട് സെന്റ് ജോസഫ് പള്ളി എന്നിവിടങ്ങളിൽ എത്തുന്നു. അവിടങ്ങളിലെ തിരുസ്വരൂപ വണക്കത്തിനുശേഷം വാഹന അകമ്പടിയോടെ മുരിക്കാശ്ശേരി സെന്റ് മേരീസ് ദൈവാലയത്തിൽ എത്തുന്നു. തുടർന്ന് 7 മണി മുതൽ ജപമാല, വചനപ്രഘോഷണം, ആരാധന എന്നിവയും രാത്രി 12 മണിക്ക് വി. കുർബാനയോടുംകൂടി അന്നത്തെ സന്ദർശന പരിപാടി സമാപിക്കുന്നു.

**സെപ്റ്റംബർ 17 ഞായർ**

രാവിലെ 7 മണിക്ക് മൂന്നാർ മൗണ്ട് കാർമ്മൽ ഫൊറോന ദൈവാലയത്തിൽ സന്ദേശയാത്ര എത്തിച്ചേരുന്നു. വി. കുർബാനക്കും, തിരുസ്വരൂപ വണക്കത്തിനുംശേഷം രാജകുമാരി ദൈവമാതാ ദൈവാലയം, രാജാക്കാട് ക്രിസ്തുരാജാ ദൈവാലയം, ആയിരമേക്കർ സെന്റ് തോമസ് ദൈവാലയത്തിൽ സന്ദർശനത്തിനുശേഷം അടിമാലി സെന്റ് ജൂഡ് ദൈവാലയത്തിൽ എത്തിച്ചേരുന്നു. തുടർന്ന് 6.30 ന് ആഘോഷമായ വാഹന റാലിയോടുകൂടി കൂമ്പൻപാറ ഫാത്തിമാ മാതാ ദൈവാലയത്തിൽ എത്തിച്ചേരുന്നു. തുടർന്ന് 7 മണിക്ക് ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ സന്ദേശം നൽകുന്നു. തുടർന്ന് വെരി. റവ. ഫാ. ഫിലിപ്പ് പാറക്കൽ, സോണൽ സർവീസ് ടീം അംഗങ്ങൾ എന്നിവർ ജപമാല, വചനപ്രഘോഷണം, ആരാധന എന്നീ ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്നു.

# കത്തോലിക്കാ കോൺഗ്രസ്

## AKCC 24/17 പ്രവർത്തക കൺവൻഷൻ

വെള്ളയാംകുടി സെന്റ് ജോർജ് ഫൊറോന ഇടവകയിലെ പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സംഘടനാ ഭാരവാഹികളുടെയും യോഗത്തിൽ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തനങ്ങൾ ഇടവകയിൽ ശക്തിപ്പെടുത്തുന്നതിന് തീരുമാനിച്ചു. ബഹുമാനപ്പെട്ട വികാരി വെരി റവ. ഫാ. ജയിംസ് മംഗലശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 'സംഘടനയുടെ പ്രവർത്തന മേഖലയും കാലിക പ്രസക്തിയും' എന്ന വിഷയത്തെ ആസ്പദമാക്കി എ.കെ.സി.സി. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ ക്ലാസ് നയിച്ചു.

## AKCC 25/17 ഭാരവാഹിയോഗം

കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് ഭാരവാഹികളുടെ യോഗം വാഴവര സെന്റ് മേരീസ് ഇടവകയിൽ ചേർന്നു. ബഹു. ഇടവക വികാരി ഫാ. മാത്യു വിളക്കുംമരുതുങ്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ, ഇരട്ടയാർ ഫൊറോനാ പ്രസിഡന്റ് ജോസ് മറ്റപ്പള്ളിൽ, രൂപതാ കമ്മറ്റിയംഗം ജോസ് തച്ചാപറമ്പിൽ, ശ്രീ. ജോയി മൂലക്കാട്ട് തുടങ്ങിയവർ നേതൃത്വം നല്കി.

## AKCC 26/17 യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു

എ.കെ.സി.സി. ഇരട്ടയാർ യൂണിറ്റിലെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വികാരി വെരി റവ. ഫാ. മാത്യു തറമുട്ടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനും തീരുമാനിച്ചു.



## AKCC 27/17 സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റിയോഗം

യൂണിറ്റ്, രൂപതാ, സംസ്ഥാന പ്രവർത്തനം വിലയിരുത്തുന്നതിനായി ഭാരവാഹികളുടെ യോഗം 17-07-2017 ൽ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ പ്രസിഡന്റ് വി.വി. അഗസ്റ്റ്യൻ അവറുകളുടെ അദ്ധ്യക്ഷതയിൽ കൂടി. സിറോമലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി, മാർ റെമിജീയോസ് ഇഞ്ചനാനിൽ എന്നിവർ പങ്കെടുത്തു. ഓരോ രൂപതയിലെയും പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. രൂപതയിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു.

## AKCC 28/17 ഉൽകണ്ഠ രേഖപ്പെടുത്തി

കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ പുതിയ ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിന് പ്രശ്സ്ത ശാസ്ത്രജ്ഞൻ ഡോ. കെ. കസ്തൂരിരംഗൻ അദ്ധ്യക്ഷനായി കമ്മറ്റി രൂപീകരിച്ച സാഹചര്യത്തിൽ, കരട് മാർഗ്ഗരേഖയിലെ ന്യൂനപക്ഷ വിരുദ്ധ നിർദ്ദേശങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് ഇടുക്കി രൂപതാ സമിതി ഉൽകണ്ഠ രേഖപ്പെടുത്തി. പുരാണ പഠനവും, യോഗയും, സംസ്കൃത വിദ്യാഭ്യാസവും നിർബന്ധമാക്കാൻ ശ്രമിക്കുന്നതിന്റെ പിന്നിൽ കേന്ദ്രസർക്കാരിന് ഗൂഢലക്ഷ്യങ്ങൾ ഉണ്ടെന്ന് സംശയിക്കുന്നതായി യോഗം വിലയിരുത്തി. ചരിത്രത്തെ വളച്ചൊടിച്ചും, മിഷനറിമാർ ഭാരതത്തിനു നല്കിയ വിദ്യാഭ്യാസ സേവനങ്ങളെ തമസ്കരിച്ചും പുതിയ വിദ്യാഭ്യാസ നയം രൂപപ്പെടുത്തുന്നത് അപകടകരമാണെന്ന് യോഗം മുന്നറിയിപ്പ് നല്കി. യോഗത്തിൽ രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോർജ് പാട്ടത്തെക്കുഴി, ജനറൽ സെക്രട്ടറി ജോസ് തോമസ് ഒഴുകയിൽ, ട്രഷറർ സണ്ണി ജോർജ് കരിവേലിക്കൽ, സംസ്ഥാന ട്രഷറർ ജോസുകുട്ടി മാടപ്പള്ളിൽ, വൈസ് പ്രസിഡന്റ് ഡോ. ജോയി കോയിക്കകുടി തുടങ്ങിയവർ പ്രസംഗിച്ചു.

## AKCC 29/17 യൂണിറ്റുകൾ സന്ദർശിച്ചു

രൂപതാ കമ്മറ്റിയുടെ തീരുമാനപ്രകാരം ബഹു. ഡയറക്ടർ ജോർജ് പാട്ടത്തെക്കുഴിയുടെ നേതൃത്വത്തിൽ യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുവേണ്ടി യൂണിറ്റുകൾ സന്ദർശിക്കുകയുണ്ടായി. പ്രസിഡന്റ് ജോർജ് കോയിക്കൽ, സെക്രട്ടറി ചാക്കോച്ചൻ വരമ്പകത്ത്, നെടുംകണ്ടം ഫൊറോനാ പ്രസിഡന്റ് ജോസഫ് പുത്തൂർ തുടങ്ങിയവർ സന്ദർശന സംഘത്തിൽ ഉണ്ടായിരുന്നു.

## AKCC 30/17 അനുശോചനം

കത്തോലിക്കാ കോൺഗ്രസ് മുൻ സംസ്ഥാന പ്രസിഡന്റും നിലയ്ക്കൽ എക്യൂമെനിക്കൽ ട്രസ്റ്റ് അംഗവുമായിരുന്ന ശ്രീ. എം.ഡി. ജോസഫ് മണ്ണിപ്പറമ്പിലിന്റെ നിര്യാണത്തിൽ ഇടുക്കി രൂപതാ സമതി അനുശോചിച്ചു.

## AKCC 31/17 സ്വാതന്ത്ര്യദിന അനുസ്മരണം

ആഗസ്റ്റ് 15 ന് വിവിധ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാനുസ്മരണം സംഘടിപ്പിച്ചു.

ഇരട്ടയാറ്റിൽ ചേർന്ന സ്വാതന്ത്ര്യദിന സമ്മേളനം റവ. ഫാ. മാത്യു തറമുട്ടം ഉദ്ഘാടനം ചെയ്തു. എ.കെ.സി.സി. രൂപതാ പ്രസിഡന്റ് ജോർജ് കോയിക്കൽ മുഖ്യപ്രഭാക്ഷണം നടത്തി. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോയി മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മാതൃദീപ്തി പ്രസിഡന്റ്, കെ.സി.വൈ.എം. പ്രതിനിധി, സി.എം.എൽ. ഭാരവാഹി എന്നിവർ പ്രസംഗിച്ചു. എ.കെ.സി.സി. യൂണിറ്റ് സെക്രട്ടറി സ്വാഗ തവും ട്രഷറർ കൃതജ്ഞതയും രേഖപ്പെടുത്തി.

## AKCC 33/17 രൂപതാ തിരഞ്ഞെടുപ്പ് സംബന്ധിച്ച്

2017-2020 പ്രവർത്തനഘട്ടത്തിലേയ്ക്കുള്ള എ.കെ.സി.സി. രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 29-09-2017 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇടുക്കി രൂപതാ കാര്യാലയത്തിൽ നടത്തപ്പെടുന്നതാണ്. മുഖ്യവരണാധികാരി റവ. ഫാ. ജോർജ്



പാട്ടത്തേകുഴി, വികാരി സെന്റ് ജോസഫ് ചർച്ച് ഉപ്പുതോട്, ഫോൺ: 9447383925, ഉപവരണാധികാരി ശ്രീ. ചുമ്മാർ മാത്യു, തുണ്ടത്തിൽ വീട്, നാരകക്കാനം പി.ഒ., ഫോൺ: 9447383140 എന്നിവർ തിരഞ്ഞെടുപ്പ് പ്രക്രിയക്ക് നേതൃത്വം നൽകുന്നതാണ്.

2017 ജൂലൈ മാസം 25-ാം തീയതിക്കകമായി ഭരണഘടനാനുസൃതമായി യൂണിറ്റ് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ള യൂണിറ്റുകളിൽനിന്നുള്ള പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അംഗത്വത്തിന് ആനുപാതികമായി രൂപതാ പ്രതിനിധികൾ എന്നിവർക്കാണ് വോട്ടവകാശമുള്ളത്. അന്തിമമായി ക്രമപ്പെടുത്തിയിട്ടുള്ളതും സംസ്ഥാന തിരഞ്ഞെടുപ്പ് സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമായ വേട്ടേഴ്സ് ലിസ്റ്റ്, 13-8-2017 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, ഏവർക്കും ലഭ്യമാകുംവിധം വരണാധികാരികളുടെ പക്കൽ സൂക്ഷിച്ചിട്ടുള്ളതുമാണ്.

## AKCC 34/17 തിരഞ്ഞെടുപ്പ് വിജ്ഞാപനം

ഈ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാകാൻ ആഗ്രഹിക്കുന്നവർ 16-09-2017 ന് രാവിലെ 10 മണിമുതൽ വൈകിട്ട് 5 മണി വരെയുള്ള സമയത്ത് നാമനിർദ്ദേശപത്രിക വരണാധികാരികൾക്കു സമർപ്പിക്കേണ്ടതാണ്. പത്രിക പിൻവലിക്കുന്നതിന് 17-09-2017 ന് 10 മണിമുതൽ ഉച്ചകഴിഞ്ഞ് 2 മണിവരെ അവസരമുണ്ടായിരിക്കും. സൂക്ഷ്മ പരിശോധനക്കുശേഷമുള്ള അന്തിമ സ്ഥാനാർത്ഥി പട്ടിക അന്നേദിവസം വൈകിട്ട് 5 മണിക്ക് പ്രസിദ്ധീകരിക്കുന്നതാണ്.

തിരഞ്ഞെടുപ്പ് 29-09-2017 ന് ഉച്ചകഴിഞ്ഞ് 2 മണിമുതൽ 4 മണിവരെ രൂപതാ കര്യാലയത്തിൽ നടത്തപ്പെടുന്നതാണ്.

ഈ തിരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിന് ഏവരുടേയും സഹായസഹകരണങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

എന്ന് വരണാധികാരി
(ഒപ്പ്)
ഫാ. ജോർജ്ജ് പാട്ടത്തേക്കുഴി

# കേരള ലേബർ മൂവ്മെന്റ്

**KLM 37/17 മനുഷ്യ വിഭവശേഷി പരിപാലന നയം (PMP)**

KCBC വളരെയേറെ പ്രാധാന്യത്തോടെ 2013 ൽ സ്ഥാപിച്ചതായിരുന്നു കേരളത്തിലെ സഭാനേതൃത്വത്തിൽ നടന്നുവരുന്ന സ്ഥാപനങ്ങളിൽ പാലിക്കേണ്ടതായ സമഗ്രവും സംമ്പുഷ്ടവുമായ "മനുഷ്യ വിഭവശേഷി പരിപാലന നയം" (People Management Policy). ലേബർ കമ്മീഷന്റെ നേതൃത്വത്തിൽ ഈ നയം സംബന്ധിച്ച് പല തലങ്ങളിലും ചർച്ചകൾ നടത്തുകയും പ്രയോഗത്തിൽ വരുത്തുവാനുള്ള ശ്രമങ്ങൾ തുടരുകയും ചെയ്യുകയായിരുന്നു. ആദ്യമായിത്തന്നെ PMP യുടെ പ്രാധാന്യവും അതിന്റെ ഉള്ളടക്കവും അവതരിപ്പിച്ചുകൊണ്ട് സ്ഥാപനാധികാരികൾ, സന്യാസസമൂഹാധികാരികൾ, സഭയിലെ മറ്റ് അധികാരികൾ എന്നിവരെ ഉൾപ്പടുത്തിക്കൊണ്ടുള്ള സെമിനാർ സംഘടിപ്പിക്കുകയാണ് ചെയ്തത്. ഏതാനും രൂപതകളിലെ ചില സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സഹകരിക്കുകയുണ്ടായി. പലപ്പോഴും സഭാസ്ഥാപനങ്ങൾ ആരംഭിക്കുന്ന സമയത്ത് എല്ലാ നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നതും എന്നാൽ ക്രമേണ കർശനമായും പാലിക്കണമെന്ന് സ്റ്റേറ്റ് നിർദ്ദേശിക്കുന്ന നിയമങ്ങളും ചട്ടങ്ങളും അനിവാര്യമായ മറ്റൊരു ഘട്ടത്തിലേക്ക് നീക്കിവെക്കുന്നതും കാണുന്നു. സഭയുടെ ഔദ്യോഗിക നയത്തിൽ വ്യക്തമാക്കുന്നതുപോലെ സ്റ്റേറ്റിന്റെ നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടും സഭയുടെ പ്രേഷിതചൈതന്യം നിലനിർത്തിക്കൊണ്ടും സ്ഥാപനങ്ങൾ പ്രവർത്തിക്കണം.

സ്ഥാപനാധികാരികൾക്കും മാനേജ്മെന്റിനും കാലാകാലങ്ങളിൽ മാറിവരുന്നതും താമസമില്ലാതെ നിർബന്ധമായും നടപ്പാക്കേണ്ടതുമായ നിയമപരവും സാങ്കേതികവുമായ അറിവും പരിജ്ഞാനവും



വളർത്തുന്ന സെമിനാറുകൾ കെ.എൽ.എം. ന്റെ ആഭിമുഖ്യത്തിൽ കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തുകയുണ്ടായി. ഇതിനുശേഷം 2017 സെപ്റ്റംബർ 9 തൃശ്ശൂർ അപ്പേസ്റ്റലേറ്റ് സെന്റർ (ബിഷപ്സ് ഹൗസ്), സെപ്റ്റംബർ 23 സോഷ്യൽ സർവീസ് സെന്റർ, വെള്ളയമ്പലം എന്നിവിടങ്ങളിൽ അടുത്ത സെമിനാറുകൾ നടത്തുന്നു. മുമ്പ് പങ്കെടുക്കാത്തവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താം. രൂപതകളുടേയും സന്യാസസമൂഹങ്ങളുടേയും നേതൃത്വത്തിൽ ഉള്ള സ്ഥാപനാധികാരികൾ സെമിനാറുകളിൽ പങ്കാളിത്തം ഉറപ്പുവരുത്തണം. ഒരു സ്ഥാപനത്തിൽനിന്നും മൂന്ന് പേരെങ്കിലും സെമിനാറിൽ പങ്കെടുക്കുന്നത് ഉചിതമായിരിക്കും. പരിപാടികളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ക്രമീകരണം നടത്തുന്നതിന് നേരത്തെ കൂട്ടി പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സെമിനാറിനു വരുമ്പോൾ ഒരു സ്ഥാപനം 1500 രൂപ സെമിനാറിന്റെ ചെലവിലേക്കായി അടക്കേണ്ടതാണ്.

ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ (കെ.എൽ.എം. സംസ്ഥാന ഡയറക്ടർ)/ സെക്രട്ടറി കെ.സി.ബി.സി. ലേബർ കമ്മീഷൻ.

അന്വേഷണങ്ങൾക്ക് : 04842535900, 9495086180

ജോർജ്ജ് അമ്പഴം (കെ.എൽ.എം. ഇടുക്കി രൂപതാ പ്രസിഡന്റ്) - 9495125585.

# ആത്മജ്യോതിയിലെ പരിപാടികൾ

**സെപ്റ്റംബർ 2017**

10–15 : വൈദികരുടെ വാർഷിക ധ്യാനം

17–22 : വൈദികരുടെ വാർഷിക ധ്യാനം

28–30 : വിവാഹ ഒരുക്ക ധ്യാനം



# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ആഗസ്റ്റ് 2017**

24 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന അഭിവന്ദ്യ പിതാക്കൻമാരുടെ സിനഡിൽ പങ്കെടുത്തു.

# അഭിവന്ദ്യ പിതാവിന്റെ പരിപാടികൾ

**സെപ്റ്റംബർ 2017**

| | | |
|---|---|---|
| 02 | 10.00 am | ദൈവാലയകൂദാശ, മഞ്ഞപ്പെട്ടി |
| 05 | 03.00 pm | വാർഷിക യോഗം, ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി |
| 07 | 10.30 am | പ്രസ്ബിറ്ററൽ കൗൺസിൽ, കരിമ്പൻ |
| 10-15 | 07.00 pm | വൈദികരുടെ വാർഷിക ധ്യാനം, ആത്മജോതി അടിമാലി |
| 17-22 | 07.00 pm | വൈദികരുടെ വാർഷിക ധ്യാനം, ആത്മജോതി അടിമാലി |
| 29 | 09.00 am | Teens Meet, തൂക്കുപാലം |

